Mar Gregorios Orthodox Maha Edavaka - Muscat

# Vineyard

PARISH BULLETIN

Edition 2021-2022 • Vol-2



“നിങ്ങൾ ജീവനുള്ളവനെ
മരിച്ചവരുടെ ഇടയിൽ
അന്വേഷിക്കുന്നതു എന്തു?
അവൻ ഇവിടെ ഇല്ല
ഉയിർത്തെഴുന്നേറ്റിരിക്കുന്നു!”

(വി. ലൂക്കോസ്: 24:5)

• Message • Articles • 50th Anniversary Supplement
• Health Care • Ladies Corner • Kids Zone • News

# MAR GREGORIOS ORTHODOX MAHA EDAVAKA - MUSCAT
# മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക-മസ്കറ്റ്

## MANAGING COMMITTEE 2022-2023

'വിശുദ്ധീകരണത്തിന്റെ അൻപതാണ്ടുകൾ'



**FR. VARGHESE TIJU IPE**
Vicar & President



**FR. ABEY CHACKO**
Associate Vicar



**JABSON VARGHESE**
Hon. Trustee



**BINU JOSEPH KUNCHATTIL**
Co - Trustee



**JOSEPH VARGHESE** (Biju Parumala)
Hon. Secretary

## COMMITTEE MEMBERS

**DARSAIT**



KOSHY M THARAKAN

**MUTTRAH**



SAJI ABRAHAM

**RUWI/ CHURCH AREA**



JIJO BABU

**RUWI H.S / WALJA**



BIJU JOHN

**WADI KABIR S. SCHOOL**



VARGHESE ABRAHAM

**WADI KABIR P. SCHOOL**



BISHAN K MATHEW

**HAMARIYA EAST**



AJU THOMAS

**HAMARIYA WEST**



ANU MATHEW

**WATTAYAH/QURAM/AMERAT**



TIJO THOMAS

**AL KHUWAIR/M Q**



VARGHESE KURUVILLA

**AL KHUWAIR/BOUSHER**



SABU CHANDY

**GHUBRA**



NEBY THOMAS

**GHALA / AZAIBA**



ANU JOHNY

**HAIL (N) / SEEB**



BIJU GEORGE

**MOD/AL KHOUDH/MOBELLA**



NIBU VARGHESE

**NIZWA**



ABRAHAM T VADAKKEDOM

**EX-OFFICIO**



SABU KOSHY

**INTERNAL AUDITOR**



BIJU T.K

# CONTENTS


- Message .................................... 5
- Articles ................................ 6-20
- Health Care.............................. 21
- Ladies Corner ........................... 22
- Kids Zone.................................. 23
- 50th Anniversary Supplement .. 24-25
- News................................... 27-29



## PUBLICATION OFFICIALS

**PRESIDENT / VICAR:** Rev. Fr. Varghese Tiju Ipe

**ASSOCIATE VICAR:** Rev. Fr. Aby Chacko

**HON. TRUSTEE:** Sabu Koshy

**HON. CO–TRUSTEE:** Koshy M. Tharakan

**HON. SECRETARY:** Nidhin Chirathilattu

**HON. ACTING SECRETARY:** Biju George

## VINEYARD COMMITTEE

**GENERAL CONVENOR:** Manoj Mathew

**EDITOR-IN-CHIEF:** Sam Philip

**EDITORIAL BOARD MEMBERS:**

• Thomas John • Biju John • Saji John
• Anu Willson • Jincy Abraham • Anu Mathew



**EMAIL:** mgomevineyard@gmail.com

**ONLINE PUBLICATION:**
www.mgomemuscat.com/vineyard




## “ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും”

നീണ്ട ഒരു കാലഘട്ടം മനുഷ്യരാശിയെ വേട്ടയാടിയ മഹാവ്യാധി പൂർണ്ണമായും മാറ്റപ്പെടാതെ, അതിന്റെ പുതിയ വ്യതിയാനങ്ങൾ ദിനംപ്രതി നമ്മെ ഒരു ദുരിതകാലത്തിന്റെ ഓർമ്മകളിലേക്ക് നയിച്ചുകൊണ്ടിരിക്കവെ, ആഗതമായൊരു നോമ്പുകാലവും ഉത്ഥാനപ്പെരുനാളും ....

പാപപങ്കിലമായ മനുഷ്യവർഗ്ഗത്തിന്റെ വിടുതലിനായി ഈ ലോകത്തിലേക്ക് കടന്നുവന്ന ദൈവപുത്രൻ തന്റെ രക്ഷണ്യ കാലഘട്ടത്തിൽ നന്മയുടെ മൂടുപടമിട്ട എത്രയെത്ര വ്യക്തികളെ കാണേണ്ടിവന്നു.

വി. ലൂക്കോസ് 22:24–ൽ ‘തങ്ങളുടെ കൂട്ടത്തിൽ ആരെ ആകുന്നു വലിയവനായി എണ്ണേണ്ടത് എന്നതിനെച്ചൊല്ലി ഒരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി. ‘തന്റെ ശിഷ്യ സമൂഹത്തിൽ കണ്ടതായ ആ അധികാര വടംവലി താൻ കാൽവറി ക്രൂശിൽ അനുഭവിച്ച് ആ വേദന ഏറ്റെടുക്കുന്നതിൽ കാണുന്നില്ല.

“അവനോ നിന്നോടു കൂടെ മരിക്കേണ്ടി വന്നാലും ഞാൻ നിന്നെ തള്ളിപ്പറകയില്ല എന്ന് അധികമായി പറഞ്ഞു അങ്ങനെ തന്നെ എല്ലാവരും പറഞ്ഞു”. (വി. മാർക്കോസ് 14:31) തന്റെ ഒപ്പം ഏത് പ്രതിസന്ധിഘട്ടങ്ങളിലും ഉറപ്പായി കാണുമെന്ന് പ്രഖാപിച്ച ആ ശിഷ്യശ്രേഷ്ഠൻ ആ കാൽവറി ക്രൂശ് ഏറ്റെടുക്കാതെ മനുഷ്യപുത്രനെ തള്ളിപ്പറയുന്നതായി നമുക്ക് കാണാൻ സാധിക്കുന്നു.

മൂന്നരവർഷക്കാലം തന്റെ കൂടെ ഉണ്ടായിരുന്ന ശിഷ്യന്മാരോ, തന്നിൽ നിന്നും സൗഖ്യം സ്വീകരിച്ചവരോ, ഓശാന നാളിൽ തന്നെ സ്തുതിച്ചു വാഴ്ത്തിപ്പാടിയ ആ മാലോകരോ ആരും തന്നെ കാൽവറിയിലേക്കുള്ള ക്രൂശ് ചുമപ്പാനോ ക്രൂശിൽ തൂക്കപ്പെട്ടവന്റെ വേദന പങ്കിടുവാനോ ഉണ്ടായിരുന്നില്ല.

“അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കുവേണ്ടി ഇടനിന്നും കൊണ്ട് അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ” (യെശയ്യാവ് 53:12). പ്രവചന നിവൃത്തിയെന്നോണം ദൈവപുത്രൻ കള്ളന്മാരുടെ നടുവിൽ തൂക്കപ്പെടുകയും ദുഷ്ടന്മാരാൽ  നിന്ദിക്കപ്പെടുകയും ചെയ്തു.

എന്നാൽ, വലതൂഭാഗത്തെ കള്ളൻ പാപങ്ങൾ ഏറ്റുപറയുകയും ക്രൂശിതനായ യേശുവിലേക്കു നോക്കുകയും ചെയ്തതിനാൽ ക്രൂശിലെ രണ്ടാമത്തെ മൊഴിയിൽ “യേശു അവനോടു: ‘***ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും***’ എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു” എന്നു പറഞ്ഞു. (വി. ലൂക്കോസ് 23:43)

ക്രിസ്തുവിന്റെ വലതുഭാഗത്തു ക്രൂശിക്കപ്പെട്ട ‘കള്ളൻ’ അവിടുത്തെ കാരുണ്യം സ്വീകരിക്കുവാൻ പ്രധാനമായി മൂന്നു കാര്യങ്ങൾ ചെയ്തതായി സുവിശേഷത്തിൽ നാം കാണുന്നു:

1. യേശു ദൈവമാണെന്ന് അവൻ തിരിച്ചറിയുകയും ഏറ്റുപറയുകയും ചെയ്തു.
2. അവൻ സ്വന്തം പാപത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞ് പശ്ചാത്തപിച്ചു.
3. അവൻ ക്രൂശിതനായ യേശുവിലേക്കു നോക്കുകയും കരുണക്കുവേണ്ടി ദൈവപുത്രനെ വിളിച്ചു അപേക്ഷിക്കുകയും ചെയ്തു.

യേശുക്രിസ്തുവിന്റെ കുരിശുമരണത്തിൽ, അവിടുത്തെ കാരുണ്യം പാപത്തെ കീഴടക്കി. ആ നിമിഷം മുതൽ ക്രിസ്തുവിന്റെ കുരിശിലെ ബലി നമ്മുടെ പാപപ്പൊറുതിയുടെ നിലയ്ക്കാത്ത പ്രവാഹത്തിന്റെ സ്രോതസ്സായിത്തീരുന്നു. അവിടുത്തെ കുരിശിന്റെ  വലതുഭാഗത്തു ക്രൂശിക്കപ്പെട്ട കള്ളനെപ്പോലെ ക്രിസ്തു ദൈവമാണെന്നു തിരിച്ചറിയുകയും സ്വന്തം പാപത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞ് അവിടുത്തെ കരുണക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്താൽ അവിടുന്ന് വലതുഭാഗത്തെ കള്ളനോട് അരുളിച്ചെയ്തതുപോലെ നമ്മളെയും പറുദീസായിലേക്ക് ആനയിക്കും.

നമ്മുടെ ഇടവകയുടെ അമ്പതാം വാർഷികത്തിന്റെ നിറവിൽ ഹാശാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നതിനായി കടന്നു വന്ന മലങ്കരയുടെ ശ്രേഷ്ഠ പരിശുദ്ധ പിതാവ് നി. വ. ദി. ശ്രീ. മോറോൻ മാർ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് ഒമാനിന്റെ മണ്ണിലേക്ക് ഊഷ്മളമായ സ്വാഗതം!!!

ഇരുട്ടകന്ന് ഉദിച്ചുയരുന്ന പൊൻപുലരിയിൽ ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിനോട് നമുക്ക് നമ്മുടെ പാപപരിഹാരത്തിനായി മുട്ടിപ്പായി  പ്രാർത്ഥിക്കാം ...

ഉയിർപ്പുപെരുനാളിൻറെ ആശംസകളോടെ,

**– സാം ഫിലിപ്**, ***ചീഫ് എഡിറ്റർ***



Dearly beloved in Christ,

We have passed through the days of the Great Lent and the Passion week of our Lord Jesus Christ. Now we are being resurrected with him into his heavenly kingdom. Also, at the same time we are celebrating the Golden Jubilee of establishment of our divine church - Malankara Orthodox Church in Muscat.

In this glorious golden jubilee year, with the grace of God Almighty we could publish two Volumes of the Vineyard with the divinely articles of our bishops, fathers and various articles and poems from our parish members. I wish to pay gratitude to all, who have been contributing either literary creativities or financial aid to this endeavour. Moreover, I wish to present thanks to the Vicars and office bearers for their boundless support and guidance extended to us.

On the behalf of the Vineyard editorial board, We wish you all a blessed Easter.

**Manoj Mathew**, *General Convener*



# Dearly Beloved in Our Lord JESUS CHRIST

We are all embarked on a prayerful path of Lenten journey during this 50 day of Great Lent. At the end of this path is the resurrection of our **Lord JESUS CHRIST**. The reason behind undertaking a 50 days Lenten period by our Church is for us to celebrate and partake in the resurrection of our Lord. The passion of our **Lord Jesus Christ** can be visibly and evidently seen in the crucifixion. In Crucification , it is not only the crucification but the belief of his resurrection that forms the basis of our Christian faith. Therefore an empty tomb and an empty cross is of great importance because Jesus rose from the tomb and also from the cross as well. The cornerstone of Christian faith is the resurrection of **Our Lord Jesus Christ**.

The reward for the sin of Adam and Eve was spiritual and physical death. The **resurrection of Christ** freed us from the bondage of that sin and promised us with eternal life. The delusion of Jews to bury the truth of our Christ was dissipated through the **resurrection of our Christ Jesus**. Therefore, resurrection can also be termed as the resurrection of truth.
May this Lenten journey bless us to find the resurrected Christ and truth in our hearts too.

The main highlight of this year's Easter celebration is the presence of our Bava Thirumeni, H. H. MORAN MAR BASELIOS MARTHOMA MATHEWS III, in our church. I sincerely hope and pray that the holy prayers of our Bava and his régime will serve as role models to each one of us and be a blessing to us. May Christ resurrect in our hearts through the prayers of our Bava Thirumeni.

I pray and wish the very best for our Bava Thirumeni for his esteemed presence in our church and for granting us this opportunity to have a blessed Easter with His Holiness.

May this Easter bless you all with happiness, peace and joy of our resurrected Christ.

**Christ is Risen, Indeed he is risen!!!**

**Fr. Varghese Tiju Ipe,**
*Vicar*



## മലങ്കരയുടെ മോറോന് മസ്കറ്റിന്റെ മണ്ണിലേക്ക്

## സ്വാഗതം ...

മാർ ഗ്രിഗോറീസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ
2022 വർഷത്തെ വിശുദ്ധവാര ശുശ്രൂഷകൾക്കും,
കാതോലിക്കദിന ആഘോഷ പരിപാടികൾക്കും,
ഇടവകയുടെ സുവർണ ജൂബിലി ആഘോഷങ്ങൾക്കും
മുഖ്യ കർമ്മികത്വം വഹിക്കാനായി അറബ്
സംസ്കാരത്തിന്റെ ഈറ്റില്ലമായ ഒമാന്റെ മണ്ണിലേക്ക്
മലങ്കരയുടെ പരമാദ്ധ്യക്ഷൻ
പരിശുദ്ധ മോറോൻ മാർ ബസേലിയോസ് മാർത്തോമാ
മാത്യൂസ് തൃതീയൻ കാതോലിക്ക ബാവയ്ക്ക്
ഊഷ്മളമായ വരവേൽപ്പ്.

# ഉയർത്തെഴുന്നേറ്റവന്റെ സാന്നിധ്യം

— സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത
*കൊല്ലം ഭദ്രാസനം*



വളരെ തിരക്ക് നിറഞ്ഞ ഒരു നിരത്ത് വാഹനങ്ങൾ വളരെ പതുക്കെയാണ് നീങ്ങിയിരുന്നത്. വഴിയരുകിൽ നിന്നും വല്ലാത്ത ദുർഗന്ധം. കാൽനടയാത്രക്കാർ മൂക്കുപൊത്തുകയും വാഹനത്തിൽ ഉള്ളവർ അതിന്റെ ചില്ലു കയറ്റിയിടുകയും ചെയ്യുന്നുണ്ട്. വഴിയരികിൽ കിടക്കുന്ന ചാക്കിൽ നിന്നാണ് ഈ ദുർഗന്ധം. എന്നാൽ ആ ചാക്കിനു ള്ളിൽ എന്താണെന്ന് നോക്കാൻ ആരും മുതിർന്നില്ല. വണ്ടി വഴിയരികിൽ ഒതുക്കി സിസ്റ്റേഴ്സ് ആ ചാക്ക് കെട്ടിനടുത്തേക്കു ചെന്നു. അതു തുറന്നപ്പോൾ വ്യണങ്ങൾ കൊണ്ടും പുഴുക്കൾ കൊണ്ടും നിറഞ്ഞ ഒരു മനുഷ്യശരീരം. വണ്ടി ഓടിച്ചിരുന്ന ആളുടെ സഹായത്തോടെ സിസ്റ്റേഴ്സ് ആ ശരീരം മഠത്തിൽ കൊണ്ടുവന്നു. ദുർഗന്ധം നിമിത്തം അതു വൃത്തിയാക്കാൻ കഴിയാതെ വന്നപ്പോൾ അവർ ഒരു പ്രാർത്ഥന ചൊല്ലി. “കർത്താവേ ഇത് നീയാണെന്ന മനോഭാവത്തോടെ ശുശ്രൂഷിക്കാൻ കൃപ തരണേ.” പെട്ടെന്നുതന്നെ ദുർഗന്ധം ഇല്ലാതെയായി. ഏറെ സമയമെടുത്തും പണിപ്പെട്ടും ആ മനുഷ്യനെ അവർ വൃത്തിയാക്കിയെടുത്തു. ഒടുവിൽ ആ മനുഷ്യൻ ഇപ്രകാരം പറഞ്ഞു: “ഞാൻ ഇത്രയും നാളും ദൈവത്തെ കുറിച്ചു കേൾക്കുക മാത്രമേ ചെയ്തിട്ടുണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് ഞാൻ ദൈവത്തെ കണ്ടിരിക്കുന്നു.”

“ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്ത്?” അതിനർത്ഥം ജീവിക്കുന്ന മനുഷ്യരുടെ ഇടയിലേക്ക് കർത്താവ് വന്നിരിക്കുന്നു എന്നർത്ഥം. അവൻ ഉയർത്തെഴുന്നേറ്റവനായ മിശിഹായാണ്. ചെറിയവനിൽ ഒരുവന് നിങ്ങൾ ചെയ്യുമ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത്. ഉയർത്തെഴുന്നേറ്റശേഷം അവന് കുറേപ്പേരുടെ മുന്നിൽ, തന്റെ ഉയർപ്പിന്റെ വിജയം കാട്ടികൊടുക്കാമായിരുന്നു. പീലാത്തോസിന്റെ അരമനയോളം അവന് ചെന്നെത്താം. അതിന് മുൻപ് ഹന്നാവിനെയും കയ്യാപ്പാവിനെയും അവന് മുഖം കാണിക്കാം.

നമ്മുടെ ചെറിയ മനസ്സുകൾ പിന്നെയും പിന്നെയും കൊതിച്ചു പോവുന്ന വിജയപ്രഘോഷണത്തിന്റെ വഴികൾ, അവൻ കണ്ടതേയില്ല. അവൻ മഗ്ദലന മറിയത്തെ കണ്ടുമുട്ടി, അപരിചിതനായ തോട്ടക്കാരന്റെ രൂപത്തിൽ, ശിഷ്യന്മാർ രണ്ടുപേരോടൊപ്പം എമ്മാവൂസിലേക്കുള്ള എട്ടു മൈലിന്റെ ദൂരം അവൻ കൂടെ നടന്നു. തീബര്യാസ് കടൽപ്പുറത്ത്, കഥ മറന്ന് വലയിടാൻ പോയ ശിമോൻ പത്രോസിനും കൂട്ടുകാർക്കും വെളുപ്പാൻകാലത്ത് അവൻ മീൻ ചുട്ടുകൊടുത്തു. ശാഠ്യം പിടിച്ച തോമ്മായുടെ മുന്നിൽ എത്തി. അവൻ സ്നേഹത്തോടെ വിളിച്ചു. “തോമ്മാ നീ വരിക, ഇതാ ഞാൻ എന്റെ മുറിവുകൾ നീ തൊട്ടറിയുക... ” ദൈവത്തിന്റെ വഴികൾ മനുഷ്യന്റെ ചെറിയ മനസ്സിനെ എപ്പോഴും അതിശയിപ്പിക്കുന്നതാണ്.

കാണേണ്ടവനെ കാണേണ്ട സമയത്തു കാണേണ്ടതുപോലെ കാണുമ്പോഴാണ് നമ്മുടെ ദർശനം ഭദ്രമാവുന്നത്. അന്ധയായിരുന്ന ഹെലൻ കെല്ലറോട് “ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം കണ്ണില്ലാതിരിക്കുന്നതല്ലേ? എന്നു ചിലർ ചോദിച്ചപ്പോൾ ഹെലൻ കെല്ലറുടെ മറുപടി, “കണ്ണില്ലാതിരിക്കുന്നതല്ല ജീവിതത്തിന്റെ ദുരന്തം, കണ്ണുണ്ടായിട്ടും കാണാതെയിരിക്കുന്നതാണ് ഏറ്റവും വലിയ ദുരന്തം” എന്നായിരുന്നു. മഹാകവി ജി. ശങ്കരക്കുറിപ്പ് കുറിച്ചത്. “ദേവാ, നിന്റെ വെളിച്ചത്തെ കാണുവാൻ കണ്ണില്ലെങ്കിൽ കേവലം കുരുടനും ഞാനുമായെന്തേ ഭേദം” എന്നാണ്.

പുതിയ കാലഘട്ടത്തിന്റെ ദർശന അപകടമാണ് ക്രിസ്തു സാന്നിധ്യം തിരിച്ചറിയാതെ പോകുന്നത് പണമില്ലാത്ത ദരിദ്രനായും, രോഗിയായും, ക്ലാസ് മുറികളിലെ കുസൃതിയായും, ജോലിയില്ലാത്ത ആരോഗ്യമില്ലാത്ത ജീവിതപങ്കാളിയായും വൃദ്ധമാതാപിതാക്കളായും. അങ്ങനെ പല രൂപത്തിലും ഉയർത്തെഴുന്നേറ്റവനായ ക്രിസ്തു നമുക്കു മധ്യേ ജീവിക്കുന്നുണ്ട്. അത് നാം കാണാതെ പോകുന്നു.

നമ്മുടെ കണ്ണുകൾ വ്യക്തമായി തിരിച്ചറിയുവാൻ കഴിയുന്നതും വ്യക്തമായി തിരിച്ചറിയുവാൻ കഴിയാത്തതുമായ പലവിധ കാരണങ്ങൾകൊണ്ട് തിമിരം ബാധിച്ച അവസ്ഥയിലായിരിക്കുന്നു. ആത്മീയമായ തലത്തിൽ ഒരു ‘തിമിര ശസ്ത്രക്രിയ’ ഇന്നു അനിവാര്യമായിരിക്കുന്നു.

നമ്മോടൊപ്പം ആയിരിക്കുന്ന ഉയർത്തെഴുന്നേറ്റവനായ കർത്താവിന്റെ സാന്നിദ്ധ്യം തിരിച്ചറിയാതിരുന്നാൽ അതാണ് ജീവിതത്തിന്റെ യഥാർഥ പ്രതിസന്ധി. ദൈവമക്കൾ എന്തെങ്കിലുമൊക്കെ തെരെഞ്ഞു നടക്കേണ്ടവരല്ല, ക്രിസ്തുവിനെ തിരയേണ്ടവരാണ്. ക്രിസ്തുവിനെ കണ്ടെത്തേണ്ടവരാണ്. ക്രിസ്തുവിലൂടെ തങ്ങളുടെ ജീവിതത്തെയും മറ്റു ജീവിതങ്ങളേയും കണ്ടെത്തണ്ടവരാണ്. ഉയിർപ്പിന്റെ സന്ദേശവും അതുതന്നെയാണ്.

**ഏവർക്കും ഉയർപ്പ് പെരുന്നാൾ ആശംസകൾ!**



# കഷ്ടാനുഭവത്തിന്റെ രാത്രികാഴ്ചകൾ



— റവ. ഫാ. ജോൺ റ്റി . വർഗ്ഗീസ് , കുളക്കട

**“അന്ധകാരത്തെ പ്രകാശിപ്പിക്കാനായിട്ടു വരികയും രാവിന്റെ മക്കൾ പന്തങ്ങളും ദീപയഷ്ടികളും പിടിച്ചുകൊണ്ട് തന്നെ കെടുത്തിക്കളയുവാനായി രാത്രിയിൽ വരികയും ചെയ്ത പിതാവിന്റെ കതിരാണ് ക്രിസ്തു.”**

(കഷ്ടാനുഭവയാഴ്ച തിങ്കൾ രാത്രി രണ്ടാം കൗമാ സെദറാ)

ഈ രാത്രിയുടെ ഏറ്റവും വലിയ അപരാധം അവനവന്റെ ശരികളാകുന്ന ദീപയഷ്ടികളുമായി സനാതനമായ നിത്യപ്രകാശത്തെ അഭിമുഖീകരിക്കാൻ നാം ശ്രമിച്ചുകൊണ്ടേയിരിക്കുന്നു എന്നതാണ്. പെസഹായുടെ രാത്രിയിൽ ശക്തമായ പ്രകാശ സ്രോതസുകളുമായി ഗത്സമനിൽ നിൽക്കുമ്പോൾ യൂദായുടെ നേതൃത്വത്തിൽ ഒരു കൂട്ടമാളുകൾ ആ വെളിച്ചത്തിൽ ക്രിസ്തുവിനെ തിരിച്ചറിയാനാകാതെ കാഴ്ച നഷ്ടപ്പെട്ടവരായി നിലത്തു വീണു പിൻവാങ്ങുന്നു. കഷ്ടാനുഭവത്തിന്റെ രാത്രിയിൽ കൃപയുടെ നിലാവെളിച്ചം പുത്തൻ കാഴ്ചകളെ ചിലർക്ക് സമ്മാനിക്കുമ്പോൾ കാഴ്ചകളിലേക്ക് വായനക്കാരാ, താങ്കളെ ക്ഷണിക്കുന്നു. വെറും കാഴ്ചയ്ക്കല്ല കാഴ്ച ദർശനമായും പിന്നെ ഗ്രഹണമായും പരിണമിക്കുന്ന തലത്തിലേക്ക്. ക്രിസ്തു സുഖാർ കിണറ്റിൻ കരയിൽ ശമരിയാക്കാരിയെ കണ്ടതുപോലെ അത്തിച്ചുവട്ടിൽ നഥനയേലിനെ കണ്ടതുപോലെ അതൊന്നും വെറും കാഴ്ചകളായിരുന്നില്ലല്ലോ.

## ഒരു കുടം വെള്ളവും സഹനസ്നാനത്തിന്റെ രാത്രികാഴ്ചകളും

ഇപ്പോൾ സൂര്യന് ചൂട് കുറഞ്ഞിരിക്കുന്നു. നേരം സന്ധ്യയാകാറാകുന്നു. കാറ്റിൽ വരാനിരിക്കുന്ന പെസഹായുടെ മൗനസംഗീതം ഒരു സുഗന്ധം പോലെ അന്തരീക്ഷത്തിലുണ്ട്. യാക്കോബും



യോഹന്നാനും പട്ടണത്തിലേക്ക് അതിവേഗം നടക്കുകയാണ്. അവരുടെ കണ്ണുകളിൽ ആരെയോ പ്രതീക്ഷിക്കുന്നതിന്റെ തിരയിളക്കമുണ്ട് . അപ്പോഴാണ് അകലെ നിന്ന് ഒരാൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ട് അവർക്ക് എതിരെ വരുന്നത്. അവർ ചുവടുകളുടെ വേഗം കുറച്ച് സാവധാനം നിന്നു. ഇപ്പോൾ അവരുടെ ശ്രദ്ധ അയാളിലല്ല ഒരു കുടം വെള്ളത്തിലാണ്. പിന്നെ രണ്ടുപേരുടേയും ഗതി അതിന്റെ പിറകെയാണ്. ആ ഒരു കുടം വെള്ളം എന്തിന്റെ സൂചനയായിരുന്നു? അവർ ഗ്രാമത്തിൽ നിന്നു യാത്ര പുറപ്പെട്ടവരാണ് പട്ടണത്തിലേക്ക്. ഗ്രാമം അടിസ്ഥാന നന്മകളുടേയും നൈർമ്മല്യത്തിന്റെയും നിഷ്കളങ്ക സ്നേഹത്തിന്റെയും പ്രതീകമാണ് . നഗരം വിശാലസാധ്യതകളുടേയും നിറചാർത്തുകളുടേയും പ്രതീകമാണ്. അതേസമയം വഞ്ചനയും കാപട്യവും മുഖം മൂടികളും അവിടെ കാത്തിരിക്കുന്നുമുണ്ട്. ഗ്രാമത്തിൽ നിന്ന് പട്ടണത്തിലേക്കുള്ള യാത്ര ജീവിതവികാസത്തെ സൂചിപ്പിക്കുന്നു . ഗ്രാമത്തിനും പട്ടണത്തിനും മധ്യേ കാണപ്പെടുന്ന ഒരു കുടം വെള്ളം ഒരു സ്നാനത്തിന്റെ സൂചന കൂടെയായിരിക്കണം. ഒരു മൂന്നാം സ്നാനത്തിന്റെ, അത് സഹനമാണ്. അത് ഒരാളുടെ ജീവിതവഴി മാറ്റും. എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട് എന്ന് താൻ അനുഭവിക്കാനിരിക്കുന്ന കഷ്ടാനുഭവത്തെക്കുറിച്ച് കർത്താവ് മുമ്പൊരിക്കൽ പറഞ്ഞത് ഓർക്കുന്നില്ലേ? യാക്കോബും യോഹന്നാനുമുൾപ്പെടുന്ന ശിഷ്യസമൂഹത്തിന് സഹനസ്നാനം ആരംഭിക്കാനിരിക്കുന്നതേയുള്ള ഒരു കുടം വെള്ളവും അതിന്റെ പിറകെയെടുക്കുന്ന ‘യു’ ടേണും ഒന്ന്, രണ്ട് സൂചനകൾ നൽകുന്നുണ്ട്. ഒന്ന് സഹനസ്നാനം ഒരാളുടെ ജീവിതവഴി മാറ്റും, രണ്ട് കഷ്ടാനുഭവങ്ങളുടെ പിറകെ സഞ്ചരിക്കേണ്ടിവരും. മണിക്കൂറുകൾക്കുള്ളിൽ ഇതിൽ നിന്നും പകർന്ന ഒരു പാത്രം വെള്ളവുമായി അവരുടെ നാഥൻ കാൽകഴുകാനെത്തുമ്പോൾ സകല ആസുരതകളും വെടിഞ്ഞ് മിഴികൾ സജലങ്ങളായി ആദി നൈർമ്മല്യത്തിലേക്ക് വീണ്ടും ‘യു’ ടേൺ എടുക്കുന്നുണ്ട്. പിന്നെ രാവിലെ ഒരു കുമ്പിൾ വെള്ളത്തിൽ പീലാത്തോസ് കൈകൾ കഴുകികൊണ്ട് വഴുവഴുപ്പൻ നിലപാടുകളിലേക്ക് പീലാത്തോസ് പിന്തിരിയുന്നു. അവിടെയും ജലം ഒരടയാളമാകുന്നു. ഇനിയിപ്പോൾ യോഹന്നാന് ജലം വെറുമൊരടയാളം മാത്രമല്ല. വിലാവിൽ നിന്നൊഴുകുന്ന ജലത്തെ മറ്റാരും ശ്രദ്ധിച്ചിട്ടില്ല. യോഹന്നാൻ കൃത്യമായത് നിരീക്ഷിക്കുന്നു. ഹൃദയത്തിൽ പുത്തനർത്ഥതലങ്ങൾ പിറവിയെടുക്കുന്നു. തന്റെ ലേഖനക്കുറിപ്പുകളിൽ ജലത്താലും രക്തത്താലും വരുന്നവനായി ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുകയും യോഹന്നാൻ ജലത്തെ കാണുകയും ചെയ്യുന്നു (1യോഹ.5:6,8).

## അഹങ്കാരം ചിതറിത്തെറിക്കുന്ന ഗതികേടിന്റെ രാത്രികാഴ്ച

അല്പം വിലപേശലിനൊടുവിലാണ് മുപ്പതു വെള്ളിനാണയങ്ങൾ യൂദാ വാങ്ങി ചേർത്തുപിടിക്കുന്നത്.അതയാളുടെ തൃപ്തിയാണ്. അവസാന അത്താഴത്തിന്റെ ചിത്രം ലിയാനാർഡോ ഡാവിഞ്ചി വരച്ചത്. ശ്രദ്ധിച്ചിട്ടില്ലേ? കർത്താവിന്റെ വലത് ഭാഗത്ത് നെഞ്ചോടു ചേർത്തു പിടിച്ച് നാണയങ്ങളുമായി കുർബാനയപ്പം കാത്തിരിക്കുന്ന തിടുക്കം തുടിക്കുന്ന മുഖഭാവവുമായി ഒരു ചെറുപ്പക്കാരൻ. ഹൃദയത്തോട് ചേർത്തു പിടിച്ചു അഭിലാഷങ്ങളുടെ പൂർത്തീകരണം യാമങ്ങൾ മുറിഞ്ഞുമാറുമ്പോൾ ഭണ്ഡാരപുരയിലേക്ക് വലിച്ചെറിയുന്നതായി കാണുന്നു (വി. മത്തായി 27:5) ഇപ്പോൾ ആ നാണയങ്ങളോട് അയാൾ കഠിനമായ വെറുപ്പ് പുലർത്തുന്നു. ഏകാന്തതയുടേയും കുറ്റബോധത്തിന്റെയും വാത്മീകത്തിൽ ഗതികെട്ടലയ്ക്കുമ്പോഴാണ് ചിലതൊക്കെ ഉപേക്ഷിക്കുവാൻ നിർബന്ധിതനാകുന്നത്. ഗതികെട്ടുപോകാൻ ഒരു രാത്രി തികച്ചു വേണ്ട

എന്നാരോർമ്മപ്പെടുത്തൽ കൂട്ടിവയ്ക്കലുകളുടെ മത്സരയോട്ടം നടത്തുന്ന നമുക്കുവേണ്ടിയാണ്.

കുറെ മുൻപ് എന്തൊരുത്സവമേളമായിരുന്നു ആ വിരിച്ചൊരുക്കിയ വൻമാളികയിൽ. സ്നേഹത്തിന്റെ ഏറ്റവും സുന്ദരമായ വ്യാഖ്യാനങ്ങൾ ചരിത്രത്തിലുണ്ടായത് ആ നാഴികകളിലാണ്. എന്നാൽ കെരിയോത്തുകാരൻ വാതിൽ വലിച്ചടച്ച് ഇരുളിലേക്ക് പോയി എന്ന് സുവിശേഷം പറയുന്നു. പുറത്ത് ഇരുട്ടായിരുന്നോ? ഇന്ന് നിസാൻ പതിന്നാലോ അതിനോട് ചേർന്ന ദിനമോ ആയിരിക്കണം പൗർണ്ണമിയിലെ പൂർണ്ണചന്ദ്രൻ വിലസുന്ന ദിവസം. ആ നിലാവിൽ അയാൾ തെളിയാത്തതെന്തേ? തനിക്ക് സ്വന്തമായുള്ളവരിൽ നിന്നും ദൂരെ മാറി സുഖം അന്വേഷിക്കുന്നത് ദുരന്തത്തിൽ കലാശിക്കും. ചിലരിങ്ങനെയാണ് തന്റെ ആന്തരിക പ്രഭയും ജീവിതപരിസരങ്ങളുടെ കൃപയും തിരിച്ചറിയാനാകാതെ പോകുന്നു. പുത്തൻ വിരുന്നുകൾ തേടി അവർക്കായി വിരിച്ചൊരുക്കിയ മാളികയുടെ വാതിലുകൾ ഭേദിച്ചുകൊണ്ടേയിരിക്കുന്നു. അയാൾ പിന്നെ ഈ പൂർണ്ണനിലാവത്താണ്. കൈയ്യിൽ പന്തങ്ങളുമായി ക്രിസ്തുവിനെ അന്വേഷിക്കുന്നത്. നിലാവത്തെ പന്തം ഒരു വൈരുദ്ധ്യം തന്നെ. ഉള്ളിലെ വെളിച്ചം ഊതിക്കെടുത്തിയവൻ ഇനി എത്ര പന്തം പിടിച്ചിട്ടെന്താ കാര്യം, ഗത്സമെനിൽ തിരിച്ചറിവില്ലാതെ വരുന്നു . അവന്റെ സ്നേഹത്തിന്റെ വിരുന്നുശാല വിടാതിരിക്കാമെങ്കിൽ നിന്റെ കഷ്ടാനുഭവങ്ങളുടെ ഗത്സമേനിൽ ഉയരത്തിന്റെ നിലാവെളിച്ചത്തിൽ നിനക്കവനെ തിരിച്ചറിയാം. സ്നേഹത്തിന്റെ നെരിപ്പോട് വിട്ടകലുന്ന ഒരാൾക്ക് മുടിയൻ പുത്രന്റെ മുഖച്ഛായയാണ്. അയാൾ മഹാപുരോഹിതരുടെ വാതിലിൽ ഈ രാത്രി മുട്ടുമ്പോൾ, പിന്നെ നിരാശനാകുമ്പോൾ 'മുട്ടുവിൻ തുറന്നു തരാം' എന്ന നാഥന്റെ വചനം ഓർക്കാമായിരുന്നു. പുലരിയിൽ മരത്തിൽ കയർ കുടുക്കുമ്പോൾ നസറേത്തിലെ വലിയ തച്ചന്റെ ഔദാര്യത്തിന്റെ അളവുനൂലിനെ ഓർക്കാമായിരുന്നു.

## നഗ്നത തിരിച്ചറിയുന്ന നീസാൻ നിലാവത്തെ രാത്രികാഴ്ച

ശിഷ്യന്മാർ എല്ലാവരും അവനെ വിട്ട് ഓടിപ്പോയി (മർക്കോസ് 14:50) ബാല്യക്കാരനോ പുതപ്പ് വിട്ട് നഗ്നനായി ഓടിപ്പോയി' (മർക്കോസ് 14:52) തിരുവേദത്തിൽ ഏറ്റവും കൂടുതൽ ഓട്ടങ്ങൾ നടക്കുന്നത് ഈ രാത്രിയിലാണ്. പാലായനത്തിന്റെ ഭീതിയാർന്ന മുഖങ്ങൾ ഈ രാത്രിയുടെ പല യാമങ്ങളിലേയും കാഴ്ചയാണ്. മർക്കോസിന്റെ സുവിശേഷ പ്രകാരം പിടിക്കപ്പെടുമ്പോൾ കർത്താവിന്റെയൊപ്പം അവസാനമുണ്ടായിരുന്ന ആൾ ബാല്യക്കാരനാണ് അയാളാണ് അവസാനം ഓടിപ്പോകുന്നത്. സ്വന്തം നഗ്നത തിരിച്ചറിയുക എന്ന യഥാർത്ഥ അറിവിലേക്ക് ഇയാൾ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു എന്നു മാത്രമല്ല ഇരുളിന്റെ മറവിൽ അയാളുടെ വൈകൃതങ്ങളെ ഒളിപ്പിച്ച് വെറും പുതപ്പ് വെളിച്ചത്തിന്റെ സന്നിധിയിൽ ഉപേക്ഷിച്ചിട്ടാണ് ഇയാൾ തിരികെ പോകുന്നത്. നിസാൻ 14–ന്റെ നിലാവ് അയാളെ ലജ്ജിപ്പിക്കുന്നു. ഇത് നല്ലൊരു രാത്രികാഴ്ചയാണ്. അയാളും ഞാനും തമ്മിലുള്ള വ്യത്യാസമെന്താണ് ? അയാൾ ഉള്ള പുതപ്പുകൾ ഉപേക്ഷിച്ച് ഭയന്ന് ക്രിസ്തുവിനെ അഭിമുഖീകരിക്കാനാകാതെ നിൽക്കുന്നു. ഞാനാകട്ടെ അനുദിനം കൂടുതൽ പൊയ്മുഖ പുതപ്പുകൾ ധരിച്ച് അവിടുത്തോട് ചേർന്ന് നീങ്ങാൻ ശ്രമിക്കുന്നു. ആരാണ് ഭേദം? ഉള്ള്  ചെറുതായി ഉരുകുന്നുണ്ടിപ്പോൾ ഞാൻ ശരീരം പറയുന്നതനുസരിച്ച് ആഗ്രഹങ്ങളെ സ്വീകരിക്കുന്നു. അയാളുടെ ശരീരമാകട്ടെ അയാളെ ദുഃഖിക്കാൻ പ്രേരിപ്പിക്കുന്നു. മറ്റൊരു തരത്തിൽ ചിന്തിക്കുമ്പോൾ പിശാച് പിടിക്കുമ്പോൾ യേശുവിനെ വിട്ടുമാറുന്നതിന്റെ പേരാണ് നഗ്നത അവിടെ നഷ്ടപ്പെടുന്നത് കൂട്ടായ്മയാണ് (**Fellowship**) ഏദനിൽ ഇത് സംഭവിക്കുന്നുണ്ടല്ലോ. യോഹന്നാൻ 21:7 പറയുന്നു മീൻ കിട്ടാത്ത ആ തണുത്ത രാത്രിയിൽ പത്രോസ് നഗ്നനായിരുന്നു. പിന്നെ യേശുവുമായുള്ള കൂട്ടായ്മയിൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി. മനുഷ്യജീവിതത്തിന്റെ യാത്രയുടെ ക്രമം നഗ്നത, ഉടുപ്പ്, സ്വർഗീയ പാർപ്പിടം ഇങ്ങനെയാണ്. റോമാ ലേഖനം 13 :4 –ൽ പറയുന്നു. ക്രിസ്തുവാണ് പുതിയ വസ്ത്രം നിങ്ങൾ ക്രിസ്തുവിനെ ധരിച്ചുകൊൾവിൻ ഈ വളർച്ചയിലേക്ക് യാത്ര ആരംഭിക്കുന്നത് നഗ്നതാബോധത്തിൽ നിന്നാണ്. പഴയനിയമത്തിലെ ചില നഗ്നതകൾ നോക്കൂ ശരീരത്തെ റദ്ദാക്കുന്ന ആത്മാവിന്റെ വെളിപ്പെടുത്തലുകൾ കാണാം. സഹോദരന്റെ വിയോഗത്തിൽ രൂബേൻ വലിച്ചുകീറുന്ന അങ്കിയും (ഉല്പത്തി 37:29) പുത്രവിയോഗത്തിൽ യാക്കോബ് വലിച്ചുകീറുന്ന അങ്കിയും (37:34) പുത്രമരണത്തിൽ ഇയ്യോബ് കീറുന്ന വസ്ത്രവും (ഇയ്യോബ് 1:20) എല്ലാം ആത്മാവിൽ നഗ്നരാകുന്നതിന്റെ പ്രതീകമാണ്. നഗ്നനാകുന്ന ബാല്യക്കാരൻ നിസംഗനായിരിക്കാം. പക്ഷേ ഇതൊക്കെ ദൈവമുമ്പാകെ സ്വന്തം ആത്മാവിനെ പ്രദർശിപ്പിക്കാനുള്ള തീഷ്ണ വികാരത്തിന്റെ രാത്രികാഴ്ചകളായെടുത്തുകൂടെ നിസാൻ 14–ന്റെ നിലാവ് ഇന്ന് എനിക്കും നിനക്കും കൂടെയാണ്. സ്വന്തം നഗ്നത തിരിച്ചറിയാൻ ഒലിവുതോട്ടങ്ങളും കൊട്ടാരവളപ്പുകളും കാണാൻ സുന്ദരമാണ്. പക്ഷേ ഈ നിലാവെളിച്ചത്തിൽ നിങ്ങളെ തന്നെ ഒന്നു കാണണമെന്നു തോന്നുന്നുവോ? മറ്റൊന്നു കൂടിയുണ്ട്, ഈ നിലാവത്ത് ലജ്ജിതനായില്ലെങ്കിൽ ന്യായവിധിയുടെ കൊടുംചൂടിൽ നീ പൊള്ളിപ്പോകും.

## തിരുമുഖത്തിന്റെ ജ്ഞാനദർശനം ഒരു രാത്രികാഴ്ച

“അപ്പോൾ യേശു തിരിഞ്ഞു പത്രോസിനെ ഒന്നു നോക്കി . ഇന്നു കോഴി കൂകും മുമ്പ് എന്നെ മൂന്നു വട്ടം തള്ളിപ്പറയും എന്ന് കർത്താവ് തന്നോട് പറഞ്ഞ വാക്ക് പത്രോസ് ഓർത്തു പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു”. (വി. ലൂക്കോസ് 22:61) കഴിഞ്ഞ ആയിരത്തി ഇരുന്നൂറിൽ പരം ദിവസങ്ങളായി പത്രാസും കർത്താവും പരസ്പരം കാണുന്നുണ്ട്. എന്നാൽ ഇത്തരമൊരു കാഴ്ച ആദ്യമായിട്ടാണ് ശരീരമാകെ നന്നായി തണുത്തുവിറയ്ക്കുന്ന ഈ രാത്രിയിൽ നാഥന്റെ മിഴിമുനത്തുമ്പിൽ നിന്നും ചാട്ടുളി പോലെ പാഞ്ഞ ദർശന കിരണങ്ങൾ ആ ചെറുപ്പക്കാരനെ ഒട്ടൊന്നുമല്ല തളർത്തിയത്. ഇപ്പോൾ അയാൾ ഒരു ജ്ഞാനകൂടാരമാണ്. അയാൾ വാവിട്ട് നിലവിളിക്കുന്നതിനുമുമ്പ് വരെ വിശ്വാസപ്രകടനങ്ങളുടെ സുൽത്താനായിരുന്നു. കഴിഞ്ഞ മണിക്കൂറുകളിൽ എന്തെല്ലാമായിരുന്നു പ്രഖ്യാപനങ്ങൾ. ഇനിയിപ്പോൾ വിശ്വാസ പ്രകടനങ്ങളില്ല വിശ്വാസജീവിതമേയുള്ളൂ. പത്രോസ് പുറത്തിറങ്ങി എന്നാണ് വേദത്താളത്തിൽ നാം വായിച്ചത് എവിടെനിന്ന്, ഒന്നാമതായി വിശ്വാസ പ്രകടനത്തിൽ നിന്ന് വിശ്വാസജീവിതത്തിലേക്ക്. രണ്ടാമതായി അയാൾ പുറത്തിറങ്ങിയത് ഗബഥായുടെ പരിസരങ്ങളിൽ നിന്നാണ്. 'ഗബഥാ' എന്നത് പീലാത്തോസ് വിധി പറയുന്ന സ്ഥലമാണ് 'കൽത്തളം' എന്നർത്ഥം. അതൊരു പ്രതീകമാണ് മനസാക്ഷി ശിലസമാനമായി പോയവർ പാഞ്ഞുനടക്കുന്ന ഗബഥായുടെ മതിൽക്കെട്ടുകൾക്ക് പുറത്തേക്കിറങ്ങുകയാണ്. ഇനി കരയാതെ തരമില്ല. മൂന്നാമതായി ഈ പുറത്തിറങ്ങൽ ഒരു ജീവിതത്തിൽ നിന്നും മറ്റൊരു ജീവിതത്തിലേക്കുള്ള പുറത്തിറങ്ങലാണ്. പത്രോസ് ഇനിമേൽ പഴയതുപോലെയല്ല. എന്താണ് പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള വ്യത്യാസം അവിടെ അബ്രഹാമിനെപോലെയുള്ള ചിലർ അയയ്ക്കപ്പെടുന്നത്. ഒരു ദേശത്തിൽ നിന്നും മറ്റൊരു ദേശത്തേയ്ക്കാണ്. എന്നാൽ പുതിയ നിയമത്തിൽ ചിലർ അയയ്ക്കപ്പെടുന്നത് ഒരു ജീവിതത്തിൽ നിന്നും മറ്റൊരു ജീവിതത്തിലേയ്ക്കാണ് പത്രോസ് പുറത്തിറങ്ങിയത് അകലങ്ങളിലേയ്ക്കല്ല ആഴങ്ങളിലേക്ക് പോകാനാണ്. നാഥനുമായുള്ള ഒരു മിഴിദൂരം തന്റെ ജീവിതത്തിന്റെ ആഴങ്ങളിലേയ്ക്കുള്ള അനന്തരമായി പരിണമിക്കുന്നു. നാലാമതായി പത്രോസ് പുറത്തിറങ്ങുന്നത് ശിഷ്യനിൽ നിന്ന് ഭക്തനിലേക്കാണ്. ശിഷ്യൻ ആരാണ്? ബോധോദയം നേടിയ ഒരു ഗുരുവിൽ നിന്നും അറിവുനേടാനുള്ള ജിജ്ഞാസയിൽ ശിഷ്യൻ ചെന്നു നിൽക്കുന്നത് ഗുരുവിന്റെ പാദപീഠത്തിലാണ് അവിടെ അടുപ്പത്തിലും ഒരകലമുണ്ട്. എന്നാൽ ആരാണ് ഭക്തൻ? ശിഷ്യനിൽ നിന്ന് ഭക്തനിലേക്ക് ഒരു കുതിച്ചുചാട്ടമാണുണ്ടാവുക. ഭക്തൻ സ്വയമുരുകുകയും ഗുരുവിൽ ലയിക്കുകയുമാണ് അടുക്കുകയും ഒന്നാകുകയുമാണ്. തമ്പുരാൻ ഈ രാത്രിയിൽ നിന്നെയും തിരിഞ്ഞുനോക്കുന്നുണ്ട്. പക്ഷേ ഇപ്പോഴും ഗബഥയിലെ കൽത്തളങ്ങളിൽ ആണ്ടു കുമ്പസാരത്തിന്റെ പതിവ് വ്യായാമത്തിന്റെ മിനുസത നൽകിയ സന്തോഷത്തിൽ മാത്രമാണ്. ഗബഥ വിട്ടു പുറത്തിറങ്ങാമോ? ഒന്നു കരയണമെന്നു തോന്നും തീർച്ചയാണ്.

# നോമ്പ് : സർഗാത്മക ദൗത്യത്തിന്റെ കാലം



— റവ. ഫാ. അലക്സ് മാത്യു, നിലമ്പൂർ

നോമ്പ് നാളുകൾ നമുക്ക് എല്ലാവർക്കും ധ്യാനത്തിന്റെയും, പഠനത്തിൻറെയും, മനനത്തിന്റെയും, ആത്മീയ ശിക്ഷണത്തിന്റെയും, വിലയിരുത്തലിൻറെയും, സമർപ്പണത്തിന്റെയും പുതുക്കത്തിൻറെയും നാളുകളാണ്. ജീവിതത്തിൻറെ കനൽവഴികളിൽ നാം തനിയെ നടക്കുമ്പോൾ തളർന്നു പോയേക്കാം. എന്നാൽ കുരിശിന്റെ കനൽ വഴികളിൽ സ്വന്തം ജീവനെ നമ്മുടെ വീണ്ടെടുപ്പിനായി പരമയാഗമായി സമർപ്പിച്ചു മാനവരാശിക്ക് രക്ഷയുടെ കതിരുകൾ സമ്മാനിച്ച ക്രിസ്തുവിനോടൊപ്പം കനൽ വഴികളിൽ നാം നടക്കുമ്പോൾ നമ്മുടെ വഴികളും കൃപയുടെ കതിരുകളായിത്തീരും.

നോമ്പ് ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവാണ്. നോമ്പ് നമ്മെ സ്വാർത്ഥ നിലപാടുകളെയും അഹംഭാവത്തെയും വെടിഞ്ഞ് ദൈവത്തോട് ചേർന്ന് നടക്കുവാൻ പ്രേരിപ്പിക്കുന്നു. നോമ്പ് സമഗ്ര സൃഷ്ടിയുടെയും യഥാസ്ഥാനപ്പെടൽ ലക്ഷ്യമിടുന്നു. ഈ ദൈവീക ദൗത്യങ്ങൾ നിറവേറ്റുവാൻ മൂന്നു സ്വഭാവ വിശേഷങ്ങൾ നമ്മിൽ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

### 1) നോമ്പ് ദൈവ ശബ്ദം കേൾപ്പാനുള്ള ദൗത്യം

ഈ നോമ്പുകാലം നമ്മിലേക്ക് തന്നെ നോക്കി കുറവുകളെ ദൈവവുമായുള്ള വ്യവഹാരത്തിലൂടെ അനുതപിക്കുന്ന അനുഭവങ്ങളാക്കി മാറ്റുവാൻ സാധിക്കണം. ദൈവ ശബ്ദം കേൾക്കുവാനുള്ള ധൈര്യവും ഒരുക്കവും ഇന്നിൻറെ തിരക്കേറിയ ജീവിത സന്ദർഭങ്ങളിൽ അനിവാര്യമാണ്. ദൈവ ശബ്ദം നാം കേൾക്കുമ്പോൾ അത് നമ്മെ, നമ്മോടും സഹോദരങ്ങളോടുമുള്ള അകൃത്യങ്ങളെ മാത്രമല്ല ഓർമ്മപ്പെടുത്തുന്നത്. പ്രകൃതിയിൽ നാം ഏൽപ്പിച്ചിട്ടുള്ള മുറിവുകളിൽ സൃഷ്ടിയുടെ രോദനം കൂടി കേൾക്കുവാൻ പ്രേരിപ്പിക്കുന്നു. ദൈവ ശബ്ദം കേൾക്കുന്ന ഒരുവന് മാത്രമേ ദൈവം നൽകുന്ന യഥാസ്ഥാനപ്പെടുത്തലിന്റെ സ്വാതന്ത്ര്യം രുചിക്കുവാൻ സാധിക്കുകയുള്ളൂ.

കെയ്റ്റ് മെർഫി എന്ന ചിന്തക ഇപ്രകാരം പരാമർശിക്കുന്നു 'തന്റെ സ്വാർത്ഥ ചിന്തകളെയും അഹംഭാവത്തെയും വെടിയുന്ന ഒരുവന് മാത്രമേ യഥാർത്ഥമായി മറ്റൊരുവൻറെ ശബ്ദം കേൾക്കുവാൻ സാധിക്കുകയുള്ളൂ'. ഒരിക്കൽ ഒരു സന്യാസ സമൂഹത്തിലെത്തുന്ന സന്ദർശക അവിടയുള്ള ഒരു സന്യാസിനിയോട് ചോദിക്കുകയാണ് 'നിങ്ങൾ ഒരുമിച്ചു കൂടുമ്പോൾ എന്താണ് ദൈവത്തോട് പ്രാർത്ഥിക്കാറുള്ളത്'. സന്യാസിനി മറുപടി പറയുന്നു 'ഒന്നും പറയാറില്ല കേൾക്കുവാൻ മാത്രം ശ്രമിക്കുന്നു'. സന്ദർശക വീണ്ടും ചോദിക്കുകയാണ് അപ്പോൾ ദൈവം എന്താണ് നിങ്ങളോട് സംസാരിക്കുന്നത്? സന്യാസിനി പ്രതിവചിക്കുന്നു; 'ദൈവവും ഒന്നും പറയാറില്ല, ഞങ്ങളെ കേൾക്കുന്നു എന്നു മാത്രം'. നോമ്പിന്റെ നാളുകൾ അനിശ്ചിതത്വത്തിന്റെയും അസാധാരണമായ സാഹചര്യങ്ങളുടെയും നടുവിൽ ശാന്തതയോടെ ദൈവശബ്ദം കേൾക്കുവാനുള്ള ദൗത്യത്തിലായിരിപ്പാൻ നമുക്കും ഇടയാകട്ടെ.

### 2) നോമ്പ്: ദൈവ പരിപാലനം സാക്ഷീകരിക്കുന്നു

ഓരോ ഓർമ്മപ്പെടുത്തലും ദൈവ സാന്നിധ്യത്തിന്റെ ശക്തിയും ദൈവം ഇന്നും കൂടെയുണ്ടെന്നുള്ള ഉറപ്പും വെളിപ്പെടുത്തുന്ന സന്ദർഭങ്ങളാണ്. നഷ്ടങ്ങളുടെ കണക്കുകൾ ഓർക്കുവാൻ ധൃതി കൂട്ടുമ്പോൾ ദൈവം നാം അർഹതയില്ലാത്തവരായിരിക്കെ ചൊരിഞ്ഞ നന്മകളെ കുറിച്ചുള്ള ബോധ്യമുള്ളവരായി തീരുവാൻ ഈ



നോമ്പുകാലം നമുക്ക് ഇടയായിത്തീരണം. ദൈവം നടത്തിയ വഴികളെ അടിസ്ഥാനമാക്കി ഇന്നിന്റെ സാക്ഷ്യത്തെ ദൃഢപ്പെടുത്തുവാൻ സാധ്യമായിത്തീരണം. ഒരുമിച്ച് ഓർക്കാനുള്ള ദൗത്യം ഓരോ വിശ്വാസ സമൂഹത്തിന്റെയും, ഓരോ കുടുംബത്തിന്റെയും നോമ്പിന്റെ ഉത്തരവാദിത്വങ്ങളിൽ പ്രധാനിയാണ്. പിതാക്കളെയും, മാതാക്കളെയും നടത്തിയ ദൈവം ഇന്നും എന്റെ ദൈവം എന്ന് പറയാനുള്ള ധൈര്യം ഈ നോമ്പുകാലത്ത് രൂപപ്പെടുത്തുവാൻ നാം സമർപ്പിതരാകണം.

ഒരു ചിന്തകൻ ഇപ്രകരം പറഞ്ഞിരിക്കുന്നു. 'ഈ ലോകത്തിലെ ഏറ്റവും വലിയ മാനവികത ദൈവത്തെ ഓർക്കുകയെന്നുള്ളതാണ്. 'തന്റെ ഓർമശക്തി കുറഞ്ഞു കൊണ്ടിരുന്ന വൃദ്ധയായ മാതാവിനോട് കൂട്ടുകാർ ചോദിക്കുന്നു.' വേണ്ടത്ര ഓർമ്മ ഇല്ലാത്തപ്പോൾ പോലും, എന്തിനാണ് ക്രമമായി വേദപുസ്തകം വായിക്കുന്നത്'? വൃദ്ധയായ മാതാവ് അവരോടു ഇപ്രകാരം മറുപടി പറയുന്നു എന്റെ ശാരീരിക പരിമിതിയിലും ദൈവം എന്നെ അനുദിനം അനുഗ്രഹിക്കുവാൻ മറക്കുന്നില്ല. എനിക്ക് എന്റെ ഓർമ്മശക്തിയല്ല വലുത്, ഞാൻ വേദപുസ്തകം വായിക്കുന്നു. ദൈവം എന്നെ ഓർമ്മപ്പെടുത്തുന്നു. ദൈവീക ഓർമ്മപ്പെടുത്തലുകൾ നോമ്പിന്റെ സാക്ഷ്യത്തെ അർത്ഥപൂർണ്ണമാക്കട്ടെ.

### 3) നോമ്പ്: ദൈവ സാന്നിധ്യം ഉറപ്പാക്കുന്നു

ദൈവസന്നിധിയിൽ നടക്കുവാനുള്ള തിരഞ്ഞെടുപ്പ്, ദൈവത്തോടൊപ്പം നിരന്തരമായി യാത്ര ചെയ്യുവാനുള്ള താഴ്മയാണ്, അവിടെ ദൈവത്തോടുള്ള സ്നേഹവും ആദരവും സ്ഥിരതയോടെ നടക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ദൈവത്തെപ്പോലെ ആകുകയെന്നുള്ളതല്ല ദൈവത്തോടൊപ്പം ദൈവജനമായി വസിക്കുവാനുള്ള സന്നദ്ധതയാണ് ഈ ദൗത്യത്തെ ശ്രേഷ്ഠമാക്കുന്നത്.

*(ശേഷം പേജ് 10–ൽ...)*

# നോമ്പിന്റെ വഴിത്താരകൾ



— റവ. ഫാ. ബൈജു തോമസ്,
സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി. നാഗ്പൂർ, OVBS -OKR Director



മനുഷ്യജീവിതം സുഖ–ദുഃഖ സമ്മിശ്ര വേദിയാണ്. ജനനം മുതൽ മരണം വരെയുള്ള ജീവിതയാത്രയിൽ മനുഷ്യനെ മനുഷ്യനാക്കി തീർക്കുന്നത് അവന്റെ ജീവിതചര്യകളാണ്. ആത്മീയ–ഭൗതീക സാഹചര്യങ്ങൾ ഈ ജീവിതചര്യയ്ക്ക് നൽകുന്ന സ്വാധീനങ്ങൾ വളരെയാണ്. അവയിൽ പരമ പ്രധാന സ്ഥാനമാണ് നോമ്പിനുള്ളത്. സഭാ പിതാക്കന്മാർ തങ്ങളുടെ പ്രാർത്ഥനകളിലൂടെ നോമ്പിന്റെ പ്രാധാന്യവും നോമ്പിലൂടെ ലഭ്യമാകുന്ന അനുഗ്രഹങ്ങളും വ്യക്തമാക്കുന്നു. വലിയ നോമ്പിന്റെ നമസ്കാരം തുടങ്ങുന്നത് തന്നെ 'ഈ നോമ്പിന്റെ ആത്മീയവും വിശുദ്ധവുമായ പോരാട്ടത്തിൽ വെടിപ്പോടും വിശുദ്ധിയോടും തിരുമുമ്പാകെ ജീവിപ്പാൻ ഞങ്ങൾക്ക് സംഗതിയാക്കേണമേ' എന്ന പ്രാർത്ഥനയോടെയാണ്. മനുഷ്യ ജീവിതത്തിൽ നോമ്പിന്റെ സ്ഥാനത്തെക്കുറിച്ച് കൊത്ത്നെ തിങ്കൾ സന്ധ്യയുടെ സെദ്റായിൽ പറയുന്നത് ഇപ്രകാരമാണ്, 'നോമ്പ് ശരീരത്തെ വിനയപ്പെടുത്തി ആത്മാവിനെ ശോഭിപ്പിക്കുകയും മോഹങ്ങളെ മായിച്ചു നമ്മെ ദൈവത്തോടടുപ്പിക്കുകയും ചെയ്യുന്നു'.

സഭാ ജീവിതത്തിൽ നോമ്പുകൾക്കെല്ലാം തുല്യ പ്രാധാന്യമാണുള്ളത്. എങ്കിലും യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിലെ പ്രധാന സംഭവങ്ങളും മരണവും കബറടക്കും പുനരുദ്ധാനവും അനുസ്മരിക്കുന്ന നോമ്പ് എന്ന നിലയിൽ വലിയ നോമ്പ് അഥവാ അമ്പതു നോമ്പ് എല്ലാ ക്രൈസ്തവ വിശ്വാസികളും അതീവ സവിശേഷതയോടെ പാലിക്കുന്നു. ഏഴ് ആഴ്ചകൾ ദൈർഘ്യമുള്ള ഈ നോമ്പിന്റെ വഴിത്താരകൾ നോമ്പിന്റെ സവിശേഷതകളിലേക്ക് വിശ്വാസികളെ എത്തിക്കുന്നു.

## സമൃദ്ധിയുടെ നടുവിലെ ശൂന്യമാക്കൽ

**കൊത്ത്നെ ഞായർ** (യോഹ: 2:1–11)

കാനാവിലെ വിരുന്നു ഭവനമാണ് പ്രതിപാദ്യം. സമൃദ്ധിയുടെ നടുവിൽ സംഭവിക്കുന്ന ചില ശൂന്യതകൾ മനുഷ്യജീവിതത്തിന് നേർക്കാഴ്ചയാണ്. ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ മികവു പുലർത്തുന്ന മനുഷ്യന് തൻറെ നേട്ടങ്ങളിലെ ദൈവീക ഇടപെടലുകൾ മനസ്സിലാക്കാൻ ഇത്തരം ശൂന്യമാക്കൽ സഹായകമാണ്. മനുഷ്യന്റെ ആർഭാടങ്ങളിൽ ദരിദ്രന്റെ ആവശ്യങ്ങളെ അറിയുവാനുള്ള പാഠമാണിത്. അല്പ്പനേരത്തെ ആശങ്കയും ആകുലതയും ദീർഘമായ ആനന്ദത്തിലേക്ക് നയിക്കപ്പെടുന്നു എന്നത് ക്രിസ്തീയതയുടെ പൂർത്തീകരണ സന്തോഷത്തിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കുവാൻ സഹായകമാണ്. ഇതാണ് നോമ്പിന്റെ സന്തോഷവും. സമൃദ്ധിയുടെ നടുവിൽ ദൈവത്തിനായി അൽപസമയം നീക്കിവയ്ക്കുക; അത് ഇടുങ്ങിയ വഴിയിലൂടെയുള്ള പ്രവേശനമാണ്. ജീവങ്കലേക്കുള്ള ഒരു തുറവിയാണ് (മത്തായി 7: 13 14).

## ഒറ്റപ്പെടലിലെ ആശ്വാസം

**ഗർബോ ഞായർ** (ലൂക്കോസ് 5:12)

യേശുക്രിസ്തു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നതാണ് സന്ദർഭം. മനുഷ്യൻ ഒരു സാമൂഹിക ജീവിയാണെങ്കിലും ചില ഒറ്റപ്പെടലുകൾ അവൻറെ ജീവിത യാഥാർത്ഥ്യമാണ്. ഇത്തരം സന്ദർഭങ്ങളിൽ അവൻ ഒരു ആശ്വാസത്തിനായി ആഗ്രഹിക്കുന്നു. നോമ്പ് നൽകുന്ന ഒരു സമ്മാനമാണ് ഈ ആശ്വാസം. ലൗകീകതയുടെ ആരവാരങ്ങളിൽ നിന്നുള്ള വിരക്തിയാണ് നോമ്പ്. ഇവിടെ ചില 'അരുതുകൾ' ഉണ്ട്, ചില 'നിയമങ്ങൾ' ഉണ്ട്, ചില 'പിൻവാങ്ങലുകൾ' ഉണ്ട്. മനുഷ്യന് വേഗത്തിൽ ഇവയോട് പൊരുത്തപ്പെടുവാനാവില്ലെങ്കിലും നോമ്പ് നൽകുന്ന ആശ്വാസവും പ്രത്യാശയും സന്തോഷത്തിൻറെ തീരത്തേക്ക് അവനെ നയിക്കുന്നു. മോശക്കു സീനായി മലയിൽ ലഭിച്ച ദൈവീക ദർശനം (പുറ: 2:113:14) ഇതിനുദാഹരണമാണ്. പിതാക്കന്മാർ മനോഹരമായി ഇതിനെ ചിട്ടവട്ടം ചെയ്തിരിക്കുന്നത് ഇപ്രകരമാണ്.

**'നോമ്പാൽ സീനായിൽ മോശ ദർശിച്ചാൻ**
**അഗ്നിമയർ കൂട്ടം വാഴ്ത്തും ദൈവത്തെ'**

(വലിയ നോമ്പ് ബുധൻ പ്രഭാതം)

## ബന്ധങ്ങളിലെ ഊഷ്മളത

**മശ്റിയോ ഞായർ** (മർക്കോസ് 2: 1 12)

യേശുക്രിസ്തു തളർവാത രോഗിയെ സൗഖ്യമാക്കുന്ന സന്ദർഭം. ശാരീരികമാനസിക അകലങ്ങൾ കുറയാതെ ബന്ധങ്ങളുടെ പവിത്രത കാത്തുസൂക്ഷിച്ചിരുന്ന ഒരു സമൂഹത്തിൽ നിന്ന് സ്വന്തം സുരക്ഷിത താവളങ്ങളിലിരുന്നു ലോക ബന്ധങ്ങളിൽ ഏർപ്പെടുന്ന ഒരു സമൂഹമായി ഇന്ന് പ്രപഞ്ചം മാറ്റപ്പെട്ടിരിക്കുന്നു.

*(ശേഷം പേജ് 10–ൽ...)*

(പേജ് 9–ൽ നിന്നും തുടർച്ച...)

# നോമ്പിന്റെ വഴിത്താരകൾ

സ്നേഹത്തിന്റെ കണികകൾ വറ്റി തുടങ്ങിയിരിക്കുന്ന ഈ ബന്ധങ്ങളിൽ ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ വിമർശക പ്രയോഗമായ 'അവനിവനിസം' നിഴലിച്ചു കാണാം. ഇവിടെയാണ് തളർവാത രോഗിയുടെയും സുഹൃത്തുക്കളെടെയും പ്രസക്തി. വലിയ നോമ്പ് ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും നടത്തപ്പെടുന്ന ശുബുക്കോനോ ശുശ്രൂഷയിൽ ഉരുവിടുന്ന ഒരു പ്രാർത്ഥനയാണ് 'നിന്റെ സ്നേഹത്താൽ ഞങ്ങൾ പരസ്പരം ബന്ധിക്കപ്പെടണമേ'. യേശുക്രിസ്തുവിന്റെ സ്നേഹം സ്നേഹിതർക്ക് വേണ്ടി ജീവനെ കൊടുക്കുന്ന സ്നേഹമാണ് (യോഹ.15:13) ഇതാണ് നോമ്പ്. പരസ്പരം സ്നേഹിക്കുവാനും ബന്ധങ്ങൾ ഊഷ്മളമാക്കുന്നതിനുമുള്ള ദൈവനിയോഗം.

## വിശ്വാസത്തിന്റെ തീഷ്ണത

**ക്നാനൊയ്ത്തോ ഞായർ** (മത്തായി 15: 2131)

യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം ക്നാനായകാരിയുടെ മകൾ സൗഖ്യം പ്രാപിച്ചതാണ് സന്ദർഭം. വ്യക്തി ജീവിതത്തിന്റെ ആണിക്കല്ലാണ് വിശ്വാസം. വിശ്വാസമുള്ളിടത്തു സ്നേഹം നിലനിൽക്കുന്നു. സ്നേഹം ഉള്ളിടത്തു സമാധാനം പുലരുന്നു നോമ്പിന്റെ സൗന്ദര്യവും ഇതാണ്. ജീവിത സുഖസൗകര്യങ്ങൾ മാറ്റിവച്ച്, ദൈവ കൃപയുടെ പ്രാപനം ലക്ഷ്യം വെച്ച് അനുഷ്ഠിക്കുന്ന നോമ്പ് വിശ്വാസ തീഷ്ണതയുടെ കാഠിന്യം വർദ്ധിപ്പിക്കുന്നു പരി. പൗലോസ് ശ്ലീഹായുടെ നിർവചനം ഇവിടെ അർത്ഥവത്താകുന്നു. 'വിശ്വാസം എന്നതോ ആശിക്കുന്നതിൻറെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു'. (എബ്രയർ 11:1) ഈ ഉറപ്പും നിശ്ചയവും ദൈവസന്നിധിയിലേക്ക് കൂടുതൽ അടുത്തു ചെല്ലുവാനുള്ള സ്വാതന്ത്ര്യം ലഭ്യമാക്കുന്നു.

## നിശബ്ദതയിലെ ദൈവാന്വേഷണം

കിഫിപ്തോ ഞായർ (ലൂക്കോസ് 13: 1017)

യേശുക്രിസ്തു കൂനിയായ സ്ത്രീയെ സൗഖ്യമാക്കിയ സന്ദർഭം. ആരവാരങ്ങൾക്കിടയിലും തിരക്കുകൾക്കിടയിലും ദൈവസാന്നിധ്യബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹത്തിൽ, പ്രതിഫലേച്ഛ കൂടാതെ തൻറെ കുറവുകൾ മനസ്സിലാക്കി ദൈവത്തെ നിശബ്ദമായി അന്വേഷിക്കുന്നതിനുള്ള അഭിവാഞ്ചയാണ് കൂനിയായ സ്ത്രീയെ വേറിട്ട വ്യക്തിത്വമാക്കുന്നത്. നോമ്പിന്റെ സവിശേഷതയും ഈ നിശബ്ദ അന്വേഷണമാണ്. ദൈവീക മനനത്തിനും അന്വേഷണത്തിനുമായി അല്പം സമയം കണ്ടെത്തുക, കുറവുകളെക്കുറിച്ചുള്ള ബോധ്യം ഉണ്ടാവുക, നിശബ്ദമായി ദൈവ സേവനം നിർവഹിക്കുക. യേശുക്രിസ്തുവും ഓർമ്മിപ്പിക്കുന്നത് രഹസ്യത്തിൽ കാണുന്ന പിതാവിനോട് പ്രാർത്ഥിക്കുവാനാണ് (മത്തായി 6: 6). ഉത്തരവാദിത്വങ്ങളിൽ നിന്നൊഴിയാതെ, ജീവിത വിശുദ്ധി സൂക്ഷിച്ചു, കുറവുകളെക്കുറിച്ച് ബോധ്യമുണ്ടായി ദൈവസന്നിധിയിലണയുമ്പോൾ നോമ്പ് പൂർണമാകുന്നു.

## അദൃശ്യ ദൈവകൃപയുടെ തിരിച്ചറിവ്

**സമിയോ ഞായർ** (യോഹന്നാൻ 9: 141)

കുരുടനായ മനുഷ്യനെ യേശുക്രിസ്തു സൗഖ്യമാക്കുന്ന സന്ദർഭം. ദൈവ പ്രവർത്തി വെളിപ്പെടുവാൻ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി; സമൂഹത്തിന്റെ അംഗീകാരം ലഭിക്കുന്നില്ലെങ്കിലും അവിടെ സംഭവിക്കുന്ന ആത്മീയഭൗതിക മാറ്റം, സർവ്വരും തിരിച്ചറിയുന്ന അനുഭവം നോമ്പിലൂടെ ലഭ്യമാകുന്ന അദൃശ്യ ദൈവകൃപയെ അംഗീകരിക്കുവാൻ ആധുനികഭൗതീക ലോകങ്ങൾക്ക് സാധ്യമായെന്ന് വരികയില്ല. ശരിയായി നോമ്പനുഷ്ഠിക്കുന്നവർക്ക് ഈ മാധുര്യം ആവോളം നുകരുവാൻ സാധിക്കുന്നു. പരിശുദ്ധ പിതാക്കന്മാർ ഈ അവസ്ഥയ്ക്ക് നൽകിയിരിക്കുന്ന പേരാണ്' നോമ്പിന്റെ പരിമള വാസന'.

## ദൈവനാമ പ്രകീർത്തനം

**ഊശാനാ ഞായർ** (യോഹന്നാൻ 12: 12–19)

രാജാധിരാജനായ യേശുക്രിസ്തുവിന് നല്കപ്പെടുന്ന വരവേൽപ്പാണ് സന്ദർഭം. മറ്റ് വരവേൽപ്പുകളിൽ നിന്ന് വ്യത്യസ്തമായി ഇത് ഒരു ദൈവനാമ പ്രകീർത്തനമാണ് 'ഞങ്ങളെ രക്ഷിക്കേണമേ' എന്ന പ്രാർത്ഥന. കുരിശിൽ വച്ച് കള്ളനെ പറുദീസയുടെ അവകാശിയാക്കി തീർത്തതും ഈ പ്രാർത്ഥനയാണ് (ലൂക്കോസ് 23: 42–43). ദൈവനാമ പ്രകീർത്തനത്തിൽ ചില നഷ്ടങ്ങളുണ്ടാകാം, സഹനങ്ങളുണ്ടാകാം, പീഡനങ്ങളുണ്ടാകാം ആത്യന്തീക നേട്ടം പറുദീസ മാത്രം.

## പ്രത്യാശയുടെ തീരത്തണയൽ

**ക്യംതാ ഞായർ** (മർക്കോസ് 16 1–6)

നോമ്പിലെ അവസാന ഞായർ, യേശുക്രിസ്തുവിന്റെ പുനഃരുദ്ധാനപ്പെരുന്നാൾ. കടവിലേക്കുള്ള തീർത്ഥ യാത്രയാകുന്ന നോമ്പിന്റെ ലക്ഷ്യസ്ഥാനത്തെത്തിച്ചേരൽ. ആകുലതകളും പ്രതിബന്ധങ്ങളും തരണം ചെയത് പ്രത്യാശയുടെ തീരത്തണയുമ്പോൾ അവിടെ കാത്തിരിക്കുന്നത് 'വെളിച്ചത്തിന്റെ ഉത്സവമാണ്'. ഇവിടെ ശൂന്യതയില്ല, ഒറ്റപ്പെടലില്ല, അല്പവിശ്വാസമില്ല, നിശബ്ദതയില്ല, അദൃശ്യകതകളില്ല, മനനങ്ങളില്ല മറിച്ച് വിശുദ്ധരോടൊപ്പം കുരുത്തോലകൾ പിടിച്ചു സന്തോഷിക്കുന്ന സ്വർഗീയത മാത്രം (വെളിപ്പാട് 7:9–17). നോമ്പ് ഒരു തപസ്യയാണ്. പ്രയോജനകരവും രക്ഷാകരവുമായ ചികിത്സ. മനുഷ്യ സ്നേഹത്തോടെ സത്പ്രവർത്തികളുടെ ദയാസമൃദ്ധിയോടെ ആത്മീയ ഒരുക്കത്തോടെ നോമ്പനുഷ്ഠിക്കുമ്പോൾ പ്രത്യാശയുടെ തീരത്ത് വിശുദ്ധിയോടെ ദീപം തെളിയിച്ചു അബ്ബാ പിതാവേ എന്ന സ്വാതന്ത്ര്യത്തോടെ ദൈവസന്നിധി അണഞ്ഞു പിതാക്കന്മാരോടൊപ്പം നമുക്കും പ്രാർത്ഥിക്കാം, 'കർത്താവേ നിന്റെ കല്പനയുടെ വഴിയും, നിന്റെ പ്രമാണങ്ങളുടെ അനുഷ്ഠാനവും നിന്നിലുള്ള വിശ്വാസത്തിന്റെ ജ്ഞാനവും ഞങ്ങളെ പഠിപ്പിക്കേണമേ'.

(പേജ് 8–ൽ നിന്നും തുടർച്ച...)

# നോമ്പ് : സർഗാത്മക ദൗത്യത്തിന്റെ കാലം

ആൻ ടനഗൻ എന്ന ചിന്തക ഇപ്രകാരം പറയുന്നു 'ദൗത്യം എന്നുള്ളത് നമ്മെ ദൈവാനുസരണത്തിലേക്ക് നയിക്കുന്ന ദൈവത്തിന്റെ തീഷ്ണതയാണ്. ഈ അനുസരണത്തിലേക്ക് നാം പൂർണമായി വരുന്നതുവരെ, ദൈവസാന്നിധ്യത്തിന്റെ സാക്ഷികളാകാൻ നാം തയ്യാറാകണം 'കൊടുങ്കാറ്റിലും, ഭൂകമ്പത്തിലും, തീയിലും യഹോവയെ തിരയുന്ന ഏലിയാവ് നിരാശനാകുന്നു. എന്നാൽ മൃദുസ്വരത്തിലാണ് ഏലിയാവ് യഹോവയുടെ ശബ്ദം, യഹോവയുടെ സാന്നിധ്യം വ്യക്തമായി തിരിച്ചറിയുന്നത്. (1.രാജാ:19:11–13). സങ്കീർത്തനക്കാരൻ (16 :11) പാടുന്നു 'ജീവന്റെ വഴി നീ എനിക്ക് കാണിച്ചു തരും. നിന്റെ സന്നിധിയിൽ സന്തോഷ പരിപൂർണ്ണതയും നിന്റെ വലതു ഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്. 'ഭയപ്പെട്ടിരിക്കുന്ന ശിഷ്യന്മാർക്ക് ഉയർത്തെഴുന്നേറ്റ ക്രിസ്തു തന്റെ സാന്നിധ്യം മൂലം സമാധാനം നൽകുന്നു.

ഈ നോമ്പുകാലം ന്യായത്തിന്റെയും, ദയയുടെയും പ്രവർത്തികൾ നന്മയോടെ പ്രകടമാക്കുവാനും, ദൈവത്തിൻറെ സാന്നിധ്യം ആയിരിക്കുന്ന ഇടങ്ങളിൽ നമ്മിലൂടെ പങ്കുവെക്കുവാനും, ലാഭങ്ങളുടെ കണക്ക് ഉയർത്തിക്കാണിക്കുന്ന ലോകത്ത് താഴ്മയോടെ ദൈവീക ദൗത്യങ്ങളെ നിറവേറ്റുവാനും നമുക്ക് ഓരോരുത്തർക്കും സാധ്യമായിതീരട്ടെ. ഈ നോമ്പ് ഒരു ആത്മീയ ഒരുക്കത്തിന്റെ സമയമാകട്ടെ. ഉപേക്ഷിക്കേണ്ട വിശപ്പുകളെ തിരിച്ചറിയുവാനും അർഹമല്ലാത്തവയെ അവഗണിക്കുവാനും, കുരിശുകളെ മാറോടു ചേർക്കാനും ഈ നോമ്പ്കാലം നമ്മെ ഒരുക്കട്ടെ. പാപത്തിൻറെയും തിന്മയുടെയും പാറക്കല്ലുകൾ ഉരുട്ടിമാറ്റി യേശു ജീവിതത്തിൽ ഉത്ഥിതനാകുന്ന ഒരു അനുഭവമായി ഈ ഉത്ഥാന പെരുന്നാൾ മാറട്ടെ.

# നിങ്ങൾക്ക് സമാധാനം



— റവ. ഫാ. മാത്യു ജോർജ്ജ് ശങ്കരത്തിൽ

ഏതൊരു യാത്രയുടെയും പര്യവസാനമെന്നത്, ലക്ഷ്യത്തിലെത്തി ചേർന്നു എന്ന സന്തോഷത്തിന്റെ നിർവൃതിയിലാണ് കണക്കാക്കപ്പെടുക. അപ്രകാരം പരിശുദ്ധ നോമ്പ് എന്ന മഹത്തരമായ തീർത്ഥാടനത്തിന്റെ പരിസമാപ്തിയെന്നത്, രക്ഷാകരമായ ഉയർപ്പ് പെരുന്നാളിന്റെ സന്തോഷത്തിലും, ക്രിസ്തു ദർശനത്തിന്റെ സമാധാനത്തിലും ആനന്ദത്തിലുമാണ്. ഒപ്പം എല്ലാ കഷ്ടതകൾക്കും സഹനങ്ങൾക്കും യാതനകൾക്കും ഒടുവിൽ ഒരു ഉയർത്തെഴുന്നേൽപ്പ് നിശ്ചയമായും ഉണ്ട് എന്ന അലംകൃതമായ പ്രകൃതി നിയമം ഒരിക്കൽ കൂടി മനസ്സിൽ ഉറപ്പിക്കുകയും ചെയ്യുന്നു എന്ന മറ്റൊരു അർത്ഥതലം കൂടി കല്പിക്കപ്പെടുന്നു.

ഒരു വിശ്വാസിയുടെ ഹൃദയത്തിലും ജീവിതത്തിലും ഉയർത്തേഴുന്നേൽപ്പിന്റെ സന്തോഷവും സമാധാനവും അക്ഷരാർത്ഥത്തിൽ അനുഭവവേദ്യമാകുന്നത്, പരിശുദ്ധ നോമ്പിലൂടെ അവൻ ആർജ്ജിച്ചെടുക്കുന്ന വിശുദ്ധിയുടെ അനുഭവത്തിലാണ്. നഷ്ടപ്പെട്ടു പോയതോ നഷ്ടപ്പെടുത്തി കളഞ്ഞതോ ആയ വിശുദ്ധിയുടെ അനുഭവം തിരികെ പിടിക്കാനുള്ള പ്രയത്നമാണ് നോമ്പിന്റെ ഓരോ ദിവസവും നമ്മോട് ആഹ്വാനം ചെയ്യുന്നത്. ആത്മീയ പ്രയത്നത്തിലൂടെയും ഭൗതിക മിതത്വ പരിശീലനത്തിലൂടെയും ആർജ്ജിച്ചെടുക്കേണ്ടതും രൂപപ്പെടുത്തേണ്ടതുമാണ് വിശുദ്ധിയുടെ ആവരണം. ഈ വിശുദ്ധിയുടെ ആവരണം നമ്മെ ലോക മോഹങ്ങളാകുന്ന ഭോജ്യങ്ങളിൽ നിന്നും രാഗമോഹങ്ങളുടെ ഭോഗത്തിൽ നിന്നും ആന്തരികവും ബാഹ്യവുമായ ദൃശ്യവും അദൃശ്യവുമായ ശത്രുവിന്റെ ആക്രമണത്തിൽ നിന്നും, വ്യർത്ഥ ചിന്തകളും പാപ വികാരങ്ങളുമാകുന്ന പരീക്ഷണങ്ങളിൽ നിന്നും സംരക്ഷിച്ചു നിർത്തുന്നു. വന്നു പോയതും പറ്റി ചേർന്നതും, പഞ്ചേന്ദ്രിയങ്ങളിലൂടെ സംഭവിച്ചു പോയതും, മനസാ വാചാ കർമ്മണാ സംവേദിച്ചതും അനുഭവമായതും ഒക്കെ അനുതാപത്തിന്റെ കണ്ണുനീരിൽ കഴുകി, ശുദ്ധമാക്കപ്പെട്ട അവസ്ഥയിൽ നിന്ന് കൊണ്ട് മാത്രമേ മുൻ സൂചിപ്പിച്ച സന്തോഷങ്ങളിലേക്കും സമാധാനത്തിലേക്കും ഇഴുകി ചേരുവാൻ സാധിക്കുകയുള്ളു. അല്ലാത്ത പക്ഷം പുനരുത്ഥാന പെരുനാൾ എന്നത് ആഘോഷിക്കുവാനുള്ള ഒരു ചടങ്ങായി മാത്രം പരിണമിച്ചു പോകും.

അങ്ങനെയെങ്കിൽ അത് നമ്മുടെ ആത്മീയ ജീവിതത്തിന്റെ പരാജയമായി കണക്കാക്കപ്പെടും. വീണു പോയ മനുഷ്യനെ ദൈവമാക്കി തീർക്കുക എന്ന മഹനീയമായ അവതാര ലക്ഷ്യം പൂർത്തീകരിച്ചത്; ദൈവമായവൻ, പരിശുദ്ധ ത്രിത്വത്തിൽ ഒരുവനായ ദൈവത്തിന്റെ, സർവ്വ പ്രപഞ്ചത്തിന്റെയും നാഥനായവന്റെ ത്യാഗോജ്ജ്വലമായ ഈ ലോക ജീവിത സാക്ഷാത്കാരത്തിലാണ്. ഹാശാ ആഴ്ചയിലെ സെദറായിൽ ആവർത്തിച്ച് വരുന്ന ആശയങ്ങൾ മനുഷ്യാവതാര ലക്ഷ്യത്തെ കുറിച്ച് സംവേദിക്കുന്നതാണ്. പ്രത്യേകിച്ച് ബുധനാഴ്ച സന്ധ്യയുടെ സെദറായിൽ വായിക്കുന്നു. പാപവികാരത്താൽ ഞെരുങ്ങി സ്വമനസ്സാൽ സാത്താന്റെ കെണികളിൽ കുടുങ്ങിയിരിക്കുന്ന നിന്റെ സ്വരൂപത്തെ നീ കണ്ടപ്പോൾ അനുകമ്പ തോന്നി ദേഹത്തോടും ആന്തരികമായ ദേഹിയോടും കൂടെ നീ ചേരുകയും വ്യത്യാസം കൂടാതെ പൂർണ്ണ മനുഷ്യനായി തീരുകയും തന്റെ ദൈവത്വത്തിൽ സ്ഥിതി ചെയ്യുകയും ചെയ്തു. അതോടൊപ്പം ചേർത്ത് ധ്യാനിക്കേണ്ട ഒന്നാണ് ബുധനാഴ്ച മൂന്നാം മണിയുടെയും വലിയ വെള്ളിയാഴ്ച സൂത്താറായുടെയും സെദറായിൽ വരുന്ന ചിന്തയായ ഘോര സർപ്പത്തിന്റെ അസൂയയാൽ വൃക്ഷങ്ങളുടെ ഇടയിൽ വച്ച് ഞങ്ങൾ ഉരിഞ്ഞു കളഞ്ഞതായ പരിശുദ്ധ റൂഹായെ വീണ്ടും ഞങ്ങളെ ധരിപ്പിക്കുവാനായിട്ട് യഹൂദന്മാരുടെ അപമാനകരമായ അധിക്ഷേപത്താൽ ചുവപ്പു വസ്ത്രം നീ അണിയുകയും ചെയ്തു. അത്യുന്നതനായവൻ തന്റെ കരുണയാൽ, മനുഷ്യരോടുള്ള അഗാധമായ പ്രീതിമൂലം തന്റെ സ്വരൂപത്തിനുടമയായവൻ നശിച്ചു കാണരുത് എന്നാഗ്രഹത്താൽ, ഇത്രയും ഹീനകരവും കഠിനതരവുമായ കഷ്ടതകൾ സഹിക്കുകയും അപമാനമേൽക്കുകയും ക്രൂശ് വരിക്കുകയും ചെയ്തുവെങ്കിൽ, ആ ദൈവീക സ്നേഹത്തിനു മുൻപിൽ സ്തോത്രാർപ്പണമായ് നമുക്കു നമ്മുടെ ജീവിതം സമർപ്പിക്കാവുന്നതാണ് എന്നാൽ പലപ്പോഴും ലോക മോഹങ്ങളിൽ ഉഴറി, നാം ഈ കാര്യം വിസ്മരിച്ചു പോകുന്നു. അത് നമ്മെ ഒന്നുകൂടി ഓർമ്മപ്പെടുത്തുന്നത് നോമ്പിന്റെയും ഹാശായുടെയും സംസർഗ്ഗത്തിലൂടെയാണ്. ദൈവത്തിങ്കലേക്ക് തിരിയുക എന്ന ആഹ്വാനത്തോടൊപ്പം ഇവയും പരമ പ്രധാനമായ ഒരു ലക്ഷ്യം തന്നെയാണ്.

കഷ്ടതയിലൂടെയും സഹനത്തിലൂടെയും മാത്രമേ ഉയർപ്പിന്റെ സന്തോഷം അനുഭവവേദ്യമാകൂ എന്നത് തീർച്ചയാണ്. പുനഃരുത്ഥാനം നൽകുന്ന പ്രത്യാശാജനകമായ മറ്റൊരു വാസ്തവമുണ്ട്, നമ്മുടെ ജീവിതത്തിലെ എല്ലാ പ്രയാസങ്ങൾക്കും, ദുഃഖങ്ങൾക്കും, കഷ്ടതകൾക്കും രോഗങ്ങൾക്കും, നഷ്ടങ്ങൾക്കും നാം അനുഭവിക്കുന്ന അപമാനങ്ങൾക്കുമൊക്കെ ഒരു ഉയർത്തെഴുന്നേൽപ്പുണ്ട് എന്ന വിശ്വാസം. ഇത് കർത്താവിന്റെ ഉയർപ്പ് പെരുന്നാളിന്റെ അനുഭവത്തിൽ നമ്മുടെ ഹൃദയങ്ങളിൽ ദൃഢകരമാകേണ്ട ചിന്തയാണ്. അത് പ്രത്യാശ നൽകുന്ന, ആശ്വാസം പ്രദാനം ചെയ്യുന്ന മഹത്തരമായ സത്യം തന്നെയാണ്.

മുറിവേറ്റവനായ, പീഡയേറ്റവനായ, അപമാനിക്കപ്പെട്ടവനായ, ക്രൂശിൽ തറക്കപ്പെട്ടവനായ, കബറടക്കപ്പെട്ടവനായ ക്രിസ്തു, മൂന്നാം ദിവസത്തിലെ പ്രഭാതത്തിൽ തന്റെ തിരുമുറിവേറ്റ കരങ്ങൾ ഉയർത്തി നൽകുന്ന സമാധാനാശംസ നമ്മെ ആശ്വസിപ്പിക്കുന്നുവെങ്കിൽ, ആ ആശംസ നമ്മിൽ പ്രത്യാശയുളവാക്കുന്നുവെങ്കിൽ, അക്ഷരാർത്ഥത്തിൽ അവ നമ്മുടെ ഹൃദയത്തിൽ ഹിമകണം പോലെ കുളിർമ്മയുടെ അനുഭവം നൽകുന്നുയെങ്കിൽ, നമ്മുടെ നോമ്പും പ്രാർത്ഥനയും ഉപവാസവും അനുഗ്രഹീതമായെന്നു ഉറപ്പിക്കാം. നമ്മുടെ സഹനങ്ങൾക്ക് മറുപടി ലഭിച്ചിരിക്കുന്നു എന്ന സത്യമാണ് ഇതിലൂടെ വെളിവാകുന്നത്. ക്രിസ്തുവിന്റെ സഹനങ്ങളോട് ചേർന്ന് നിന്നെങ്കിൽ മാത്രമേ, ആ കഷ്ടതകളോട് അനുരൂപരായെങ്കിൽ മാത്രമേ നമ്മുടെ ആത്മീയ അനുഭവങ്ങൾ പൂർത്തീകരിക്കപ്പെടുകയുള്ളൂ. *(ശേഷം പേജ് 14-ൽ...)*



# Holy Lent through the Eyes of Women of Faith



— Thankam Elizaba Jacob (ID: J-476)

Holy Lent is the season for renewal. It is a time of reflection and conversion. The suffering and death of the One who created and loves the world is not only the most significant event in all of history, it is also disturbing, mystical and awe-inspiring. Each lent season, we are to look inward and act through our bodies, minds and hearts. The church services, fasts, discipline, prayers, confession of sins, all these are for our focused preparation for the Passion of our Lord Jesus Christ.

We commemorate International Women's Day every year on March 8th. In this year, 2022, we are also observing lent during the March—April period. "A woman who fears the Lord, she shall be praised" (Proverbs 31: 30). Let us go through the scriptures and understand through the eyes of women of immense faith during those times.

### Mother Mary: Model for Women

St. Mary portrays holiness, piety, trust and humbleness. Mother Mary is both our inspiration and hope in the celebration of the sacred mysteries in the Lent-Easter season. She is there - silent, steadfast and at the heart of this great miracle of Jesus Christ's resurrection. Mary went through many trials in her life, but she never lost sight of the Lord. We can find St. Mary all throughout – trustworthy young girl who is chosen by God, compassionate relative at her visit to Elizabeth's home, courageous in all the tribulations faced during and after the birth of Jesus Christ, caring at the Jerusalem temple when Jesus was 12 years, encouraging with her timely interference at the wedding of Cana, soothing even at her most heart-wrenching moment at the foot of the Cross (St. John 19: 25 - 27), faithful presence in the midst of the apostles in the early church (Acts 1: 12 - 14). St. Mary is the catalyst of the first ever miracle (sign) performed by Jesus Christ. Mary's timely action encompasses her compassion and solidarity with Jesus Christ. She advises the servants to do whatever he said, in effect this is an affirmation to all of us to do our actions according to God's will. She informs the problem to the one who could solve it and is never mentioned around in the scene when the problem was resolved. Her presence can only be found when it is really required. Her voice is heard only when it is essential. Aren't all these missed in this new era of social media networks hijacking even our personal spaces? Let us all learn to be quieter, humbler and more faithful like St. Mary. "Blessed is the womb that bore You" (St. Luke 11: 27).

### Samaritan Woman: His Gift

Jesus' mercy and love for the entire world is depicted in his encounter with the Samaritan woman (St. John 4: 5 - 42). All the elements of a great gift can be observed in this incident — encounter, surprise, joy, satisfaction, wonder, transformation and love. She came that day to take. But Jesus asked her to give, so that she might receive something from him. "Jesus answered and said to her, "If you knew the gift of God, and who it is who says to you, 'Give Me a drink,' you would have asked Him, and He would have given you living water." (St. John 4: 10) Jesus also explains to her, we can worship in spirit. It definitely means that we can worship God anytime, anywhere, because we have the Holy Spirit with us, God's very presence. Just like her, we should be desperate for a satisfying life. We should give, so that we can take his unending grace.

### Martha and Mary: Beloved Faith

Martha and Mary were faithful followers of Jesus. (St. Luke 10: 38 - 42 and St. John 1: 1 - 45). Martha was an amazing woman. She, after being taught the eternal truths, listened, learned, and acted upon the Savior's timeless teachings. Martha says, "Yes, Lord, I believe that You are the Christ, the Son of God, who is to come into the world." (St. John 11: 27). Mary sat at the feet of Jesus and listened to him. This depicts the most beautiful example of how a disciple should be. Whenever Jesus arrived at their house, Mary rose quickly and came to him. Martha and Mary knew and believed that Jesus was the Messiah. They worshipped Him as their Lord and had deep faith. Let us believe in the words of Jesus Christ and follow their great example.

### Woman in the Crowd: Our Hope

In the crowd pressing around Jesus, is a woman with a desperate need. (St. Mark 5: 25- 34). Her life is a living death, painful and hopeless. But she exhibits tremendous courage, pushes forward in the crowd and touches Jesus's garment. We read in the Holy Bible that power flowed from him and the woman was healed. Jesus affectionately called her "daughter" and publicly declare her healed. She was now freed from her suffering. He sent the healed woman off in peace to a changed life of wholeness and hope. Let us also have faith in Our God who always does more than we ask or think!

### Mary Magdalene: Endless Love

Mary Magdalene's admiration for the healer whose miracles she has observed and her faith in his teachings, gives her what she needs the most; faith. Even after Jesus was crucified, Mary did not give up serving God. She was the first to see Jesus alive because she had continued to serve God. Mary Magdalene went to the disciples with the news: "I have seen the Lord!" (St. John 20: 18). She believed that Jesus hadn't abandoned or forgotten them. Instead, He has gone to prepare a place for us. Do we have such strong faith?

FAVOURS RECEIVED



Inserted by

THOMAS JOHN & JULIET THOMAS

# HE IS RISEN



*Do not be afraid, for I know that you are looking for Jesus, who was crucified. He is not here. He has risen, just as he said"*

— Juliet Thomas (ID: T-149)

"It is this resurrection that makes the gospel, "Good News". This was truly the joy of early Christianity that lives and works in us even today. Our creed affirms our belief in the death and resurrection of our Lord.

Resurrection declares

- The Power of God
- Our Hope in the creator
- Our Life as His witness

## POWER OF GOD

Resurrection proclaimed the beginning of a new kingdom. The power of our resurrected God triumphs over death devil and the grave. This manifests the King and his everlasting kingdom. The resurrection of our Lord illuminates us, energizing our soul.

Resurrection is the miracle of the church which is God's plan for his children. This is the truth that remained and will remain for generations to come. Resurrection has revealed the powerlessness of death.

During the Passion Week, we have Kumbideel (kneeling and touching our forehead on the ground) in our liturgical prayer and worship. We fall at the feet of Jesus, confess our sinfulness, repent and rise up to lead a virtuous life. We lay our thoughts attitudes words actions and habits at his feet as conquering anger, pride, greed, jealousy and malice that lives within us is not easy, but the power of God makes us new. We are victorious by the power of God with repentance and a promise to be a witness unto him.

Our inner transformation by this gesture proclaims our death to our old self and the start of a new life through our lord and savior Jesus Christ. The seed that falls to the ground is covered in darkness and dies until it reaches the light and a new sprout grows.

## HOPE IN THE CREATOR

The power of our Lord to roll away that heavy tombstone renders us great hope. A hope that God will finish what he has begun. A firm assurance regarding things that are unclear and unknown.

We all make the sign of the cross since our childhood. Our church has taught us the simplest way of depicting our lord's resurrection. The thumb and the first two fingers are held together and the last two fingers are bent against the palm. We make the sign of the cross starting from our forehead to our chest and then touch our left shoulder and move to our right shoulder. We confess that God came from heaven to earth, suffered and died on the cross and redeemed us from the slavery of sin to the freedom of righteousness. The sign of the cross is an unspoken confession of our faith and hope.

Romans 8:24 says "For in this hope we were saved. Hope that is seen is no hope at all. Who hopes for what they already have." Faith and love touches our life many a times but hope waits. Hope nourishes and sustains us until our reunion with Christ. The bodily resurrection of Christ gives us the hope of our future in Christ which is the biggest treasure.

## BEING A WITNESS

Living a life as a witness unto our Lord is our demonstration of our hope in Christ. Our church teaches us 'agape'. It is the ultimate form of love. Our forefathers practiced this love and were witnesses for our lord in the land they lived.

Acts 4:33 says, "The apostles continued to bear powerful witness to the resurrection of the Lord Jesus and an abundance of grace was at work among them all".

Our church has Saint Geevarghese Mar Gregorios fondly known as Parumala Thirumeni, Saint Dionysius of Vattasseril popularly known as Vattasseril Thirumeni and Yeldho Mor Baselios Bava who through their life and work were remarkable witnesses unto the resurrection of our Lord.

The Malankara Orthodox Church Mission Board which was founded by H.G. Dr. Geevarghese Mar Osthathios leads various mission centers all over India.

St, Gregorious Balagram in Yacharam, Andhra Pradesh has an eye clinic that caters to the poor. St. Gregorious Dayabhavan near Bangalore looks after the children of aids patients. NAMS Snehasadan in Bangalore takes care of orphan boys and the old aged. These centers also equip the villagers for various mission work.

In places of starvation Balagrams function. Kalhandi, Orissa has four Balagrams that feed the poor. Free medical treatment is given to the destitute. Education is offered to illiterates who gain social awareness. It gives them the ability to solve problems and make the right decisions thereby becoming independent. Community marriages were arranged and formally recognized. Classes and seminars are conducted for the youth. Different groups were formed to give assistance to those suffering from natural disasters .This list seems endless…

Mathew 5:14 says, "You are the light of the world". A lamp gives light from far away. It doesn't draw attention but illuminates the place around it. This is the kind of witness we need to be. Resurrection has made us victorious and has given us eternal life. It has established the ultimate truth for the redemption of mankind. Howard Carter made the greatest archeological discovery in history. He discovered the tomb of king Tutankhamun. Unlike any other tomb this tomb was full of expensive artifacts. It took eight years to document the content of the tomb. As Christians we celebrate because the tomb of our Lord was empty!!!

Jesus said, "I am the resurrection and the life. Whoever believes in me, though he dies yet shall he live "John 11: 25. When Mary finally met the risen Christ, she met Christ whom she could not find in the tomb. During this pandemic, when we feel totally lost and broken, when we could have been crushed, the power of our Lord's resurrection gives our life an ultimate meaning. His resurrection gives us restoration and transformation.

*(പേജ് 11–ൽ നിന്നും തുടർച്ച...)*

# നിങ്ങൾക്ക് സമാധാനം

ഭയന്നും വിറച്ചും മരണ ഭീതിയിലും കഴിഞ്ഞ ഒരു സമൂഹത്തിലേക്കാണ് ഉയർത്തെഴുന്നേറ്റവനായ ക്രിസ്തു സമാധാനം ആശംസിക്കുന്നത്. ഇരുട്ട് മാറ്റി പ്രകാശമുദിക്കുന്ന അനുഭവമാണ് ഇത്. തന്റെ ജനനത്തിലൂടെ അരുളിച്ചെയ്ത, ഇമ്മാനുവേൽ ദൈവം നമ്മുടെ കൂടെ, ജീവനുള്ള ദൈവം നമ്മോട് കൂടെ എന്ന വാഗ്ദാനം അതിന്റെ പൂര്ണതയിലേക്കാണ് ഇവിടെ സാക്ഷാത്കരിക്കപ്പെടുന്നത്. പിന്നീട് ആദ്യ സഭയുടെ പ്രാരംഭ നടപടിയിലും, ഇന്ന് ഈ ആധുനിക നൂറ്റാണ്ടിലും ആ വാഗ്ദാന നിറവ് അനുസ്യൂതം നിവർത്തിച്ചു വരുന്നു. സർവ്വശക്തന്റെ അതിരില്ലാത്ത മനുഷ്യ സ്നേഹവും കാരുണ്യവും, ഒരു അവസ്ഥയിലും തന്റെ സൃഷ്ടിയെ കൈവിട്ടു കളയില്ല എന്ന ഉറപ്പുമാണ് ഇപ്രകാരം വെളിവാകുന്നത്. അതോടൊപ്പം, നമ്മുടെ ഈ പ്രതിസന്ധി കാലഘട്ടത്തിൽ, രോഗത്തിന്റെയും, യുദ്ധത്തിന്റെയും, പ്രകൃതി ദുരിതത്തിന്റെയും ഒക്കെ ഈ സമയത്തും, നമ്മുടെ ജീവിതത്തെ ഇരുൾ മൂടി കളയുവാൻ അവൻ അനുവദിക്കുകയില്ല എന്നുള്ള ഉറച്ച വിശ്വാസം തന്നെയാണ് ഇതിനാൽ നിറവേറുന്നത്. ഉയിർപ്പിന്റെ സമാധാനം നമ്മുടെ സമസ്ത മേഖലകളിലും പ്രതിഫലിക്കുന്നു. ആത്മീയ – ഭൗതിക ജീവിതത്തെ ഈ സമാധാനം ആഴത്തിൽ പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യ വംശത്തിന്റെ സമഗ്രമായ രക്ഷയുടെ പ്രതിഫലനമായി, നമ്മുടെ ജീവിതത്തെ സമൂലം പരിരക്ഷിക്കുന്ന ഈ സമാധാനത്തിന്റെ അതിരുകൾ സീമാതീതമാണ് എന്നത് വാസ്തവമാണ്.

ഒരു തരത്തിൽ ഇത് വീണ് പോയവരോടുകൂടിയുള്ള സുവിശേഷമാണ്. തള്ളപ്പെട്ടവരോടും, അസംഘടിതരോടും, പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള സുവിശേഷം. തന്റെ മനുഷ്യാവതാരകാലത്തിൽ, കർത്താവിനെ ഇവരോടുള്ള അനുഭാവത്തിന്റെ വെളിച്ചത്തിൽ, ഒരു സ്ത്രീയോട് തന്റെ പുനരുത്ഥാനത്തെ കുറിച്ച് അറിയിച്ചത് യാദൃശ്ചികതല്ല മറിച്ചു ദൈവീക പദ്ധതിയുടെ ഭാഗം തന്നെയാണ്. ദൈവീക നിയോഗങ്ങളുടെ ഭാഗവാക്കാകുവാൻ എല്ലാവർക്കും അവസരം ഉണ്ട് എന്ന് നമ്മോടു ഈ സംഭവം സംവേദിക്കുന്നു. ആരോരുമില്ലാത്തവരോടുള്ള, അവരുടെ ജീവിതത്തോടുള്ള അനുഭാവം കൂടിയാണ് ഈ പെരുന്നാൾ. എല്ലാവരോടും ചേർന്ന് നിൽക്കലാണ് ഉയർപ്പിന്റെ മഹാസന്തോഷം പ്രദാനം ചെയ്യുന്നത്.

ക്രിസ്തു സ്നേഹം വെളിവാക്കുന്ന പശ്ചാതലത്തിലായിരിക്കേണം ഈ പെരുന്നാൾ കൊണ്ടാടേണ്ടത്. കാരണം പരിശുദ്ധ നോമ്പിന്റെ അനുഭവത്തിലൂടെ നവീകരിക്കപ്പെട്ട, പുതുതാക്കപ്പെട്ട അവസ്ഥയിലാണ് ക്രിസ്തുവിന്റെ സഹനത്തോടും മരണത്തോടും പുനഃരുത്ഥാനത്തോടും നാം അനുരൂപരായത്. അപ്പോൾ പുതുതാക്കപ്പെട്ട അവസ്ഥയിൽ ക്രിസ്തു ഭാവം കൈവരിക്കുവാൻ സാധിക്കണം. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു എന്ന പരിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു. പുതിയ സൃഷ്ട്ടി ആത്മീയനാണ്. അവനിൽ ക്രിസ്തു വസിക്കുന്നവനാണ്. അപ്പോൾ അവന്റെ ചിന്തകളും പ്രവർത്തിയും ആത്മീയമാണ്. കാരണം ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളത് ചിന്തിക്കുന്നു. ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും ആകുന്നു എന്ന് കൂടി പരിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു.

എന്നാൽ മാത്രമേ ഈ മഹാസന്തോഷത്തിനു പാത്രമാകുവാനും അത് ജീവിതത്തിൽ പകർത്തുവാനും സാധിക്കുകയുള്ളൂ. ജീവിതത്തിൽ അത് എല്ലാ അർത്ഥതലങ്ങളിലും പകർത്തുമ്പോൾ മാത്രമേ ഈ മഹാ സന്തോഷവും അത് പ്രദാനം ചെയ്യുന്ന സമാധാനവും സ്വജീവിതത്തിലൂടെ ഈ ലോകത്തിനു നൽകുവാനാകു.

ഉയർത്തെഴുന്നേറ്റവനായ ക്രിസ്തുവിന്റെ കൃപയും അനുഗ്രഹവും നമ്മളിൽ സദാ വർധിക്കുമാറാകട്ടെ. ഏവർക്കും അനുഗ്രഹീതമായ ഉയിർപ്പ് പെരുന്നാളിന്റെ എല്ലാ നന്മകളും മുന്നമേ ആശംസിക്കുന്നു.

## പാവന സ്മരണയ്ക്ക്



*'Blessed are they that mourn: for they shall be comforted'*



**ചക്കിഴത്ത് ഏബ്രഹാം ചെറിയാൻ**
(09.10.1931 - 05.03.2019)

**കുഞ്ഞമ്മ ചെറിയാൻ**
(25.12.1936 - 01.12.2019)

**സന്തപ്ത കുടുംബാംഗങ്ങൾ**

**'Chackizhathu House,' HMT Layout, Mathikere, Bangalore**



# അനുതാപത്തിന്റെ നാൽ വഴികൾ

— മന്ന മെർലിൻ ജോർജ്ജ് (ID: A-327)

സ്വയം ശോധന ചെയ്വാനും, പാപങ്ങൾ ഏറ്റുപറയുവാനും, നിരപ്പു പ്രാപിക്കുവാനും, ജീവന്റെ അവകാശത്തിലേക്ക് പ്രവേശിക്കുവാനുമുള്ള കാലഘട്ടമാണ് പരിശുദ്ധ നോമ്പ്. അനുതാപത്തിന്റെ യഥാർഥ മുഖമാണ് നോമ്പിലൂടെ വെളിവാക്കപ്പെടുന്നത്. ഓരോ നോമ്പും, നമ്മിലൂടെ കടന്നു പോകുമ്പോൾ, ദൈവരാജ്യത്തിന്റെ വാതിലുകൾ നമുക്കായി തുറക്കപ്പെടുന്നു.

## അനുതാപം എന്നാൽ എന്തു?

അനുതാപത്തിന്റെ ഗ്രീക്ക് പദമായ 'മെറ്റാനൊയ (**Metanoia**)'സൂചിപ്പിക്കുന്നത് മനസ്സിന്റെ രൂപാന്തരത്തെയാണ്. ലോകത്തോടും, സ്വയത്തോടും ഒക്കെയുള്ള കാഴ്ചപ്പാടുകളുടെ നവീകരണമാണ് അനുതാപത്തിലൂടെ സാധ്യമാകുന്നത്. സകല സൃഷ്ടികളോടുമുള്ള സ്നേഹവും ഇതിൽ ഉൾപ്പെടുന്നു. വിശുദ്ധ ജോൺ ക്രിസോസ്റ്റം സൂചിപ്പിക്കുന്നത്, അനുതാപമെന്നാൽ രണ്ടോ, മൂന്നോ ദിവസം മാത്രം ജീവിതത്തിൽ സംഭവിക്കേണ്ട ഒന്നല്ലെന്നും, ജീവിതത്തിൽ ഉടനീളം തുടരേണ്ട പ്രക്രിയ ആണെന്നുമാണ്.

## അനുതാപത്തിന്റെ ഘട്ടങ്ങൾ

- **തെറ്റുകളെക്കുറിച്ചുള്ള യഥാർഥ ബോധ്യം**

സ്വയം പാപിയാണെന്നുള്ള തിരിച്ചറിവ് നമ്മെ നിത്യജീവങ്കലേക്ക് നയിക്കുന്നു. ദാവീദ് രാജാവിന് തന്റെ തെറ്റുകളെ കുറിച്ചുള്ള ബോധ്യം, നാഥാൻ പ്രവാചകൻ നൽകിയപ്പോൾ, അത് സമ്മതിക്കുവാനുള്ള മനസുണ്ടായിരുന്നു. സങ്കീർത്തനം 51–ൽ ഉടനീളം അത് നമുക്ക് കാണുവാൻ കഴിയുന്നു. തെറ്റുകളെ തിരിച്ചറിയുവാനുള്ള ബോധ്യം നമ്മെ ഉയരങ്ങളിലേക്ക് നടത്തുന്നു.

- **കുമ്പസരിക്കുവാനും കുർബാന അനുഭവിക്കുവാനും ഉള്ള മനസ്സ്**

തെറ്റുകൾ തിരിച്ചറിയുമ്പോൾ, ഏറ്റുപറയുവാനും കുമ്പസരിക്കുവാനുമുള്ള മനസ്സ് നമ്മിൽ ഉണ്ടാകണം. പരിശുദ്ധ കുമ്പസാരത്തിന്റെ വിശുദ്ധി ജീവിതത്തിൽ അനുഭവിക്കുവാൻ നമുക്ക് സാധിക്കണം. നാമ മാത്രമായി മാത്രം അത് ചെയ്യുവാൻ മുതിരരുത്. യാക്കോബ് 5:16–ൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ 'എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവന്നു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ'. നമ്മുടെ പാപങ്ങൾക്ക് വേണ്ടി പുരോഹിതൻ പ്രാർഥിക്കുമ്പോൾ, നാം നിത്യജീവങ്കലേക്കുള്ള യഥാർഥ അവകാശികൾ ആകുന്നു. കുമ്പസരിച്ചു കുർബ്ബാന അനുഭവിക്കുമ്പോൾ പാപങ്ങൾ ജീവിതത്തിൽ നിന്നും അകന്നു പോകുന്നു.

- **വിശുദ്ധ ജീവിതം നയിക്കുക**

പാപത്തിൽ നിന്നും അകന്നു നിൽക്കുവാനും, അതിൽ നിന്നും ഓടി അകലുവാനും നമുക്ക് സാധിക്കണം. ജോസെഫിന്റെ ജീവിതം അതിനു ഒരു ഉത്തമ മാതൃകയാണ്. യാക്കോബ് 4:8 'ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും. പാപികളേ, കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളോരേ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ'. ജീവിത വിശുദ്ധി എന്നത് ഒരു ദിനചര്യയായി മാറണം. അത് നോമ്പ് കാലത്തിൽ മാത്രമായി ഒതുങ്ങാതെ, ജീവിതത്തിൽ ഉടനീളം നിലനിൽക്കണം. പരിശുദ്ധ പിതാക്കന്മാരുടെ പാത നമ്മൾ പിന്തുടരണം.

## അനുതാപത്തിന്റെ ഫലങ്ങൾ

- പിതാവിന്റെ ഭവനത്തിലേക്കുള്ള മടങ്ങിപ്പോക്ക് സാധ്യമാകുന്നു

ലൂക്കോസ് 15–ൽ പ്രതിപാദിച്ചിരിക്കുന്ന ഒരു മകന്റെ അവസ്ഥയാണ്



നമുക്ക് ഓരോത്തർക്കും ഉള്ളത്. പാപത്തിൽ അകപ്പെട്ടു ജീവിതത്തിൽ ഒറ്റപ്പെട്ടാലും നമ്മെ കാത്തിരിക്കുന്ന ഒരു നല്ല പിതാവ് നമുക്ക് ഉണ്ട് എന്നുള്ള ബോധ്യം ഉണ്ടാകണം. ആ തിരിച്ചു വരവ് എത്രയും വേഗം നമ്മുടെ ജീവിതങ്ങളിൽ സംഭവിക്കണം. കടുംചുവപ്പായുള്ള പാപങ്ങൾ വെണ്മയാക്കി തീർക്കുവാൻ ക്രൂശിലെ രക്തത്തിനു സാധിക്കുന്നു.

- **പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുന്നു**

2 കൊരിന്ത്യർ 5:17 'ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു'.

പഴയ മനുഷ്യനെ ഉപേക്ഷിച്ചു കൊണ്ട്, ദിനംപ്രതി അനുതാപത്തിന്റെ യഥാർഥ ഫലം നമ്മിൽ കാണപ്പെടുവാൻ സാധിക്കണം. സർവ സൃഷ്ടികളോടുള്ള സ്നേഹം നമ്മിൽ പ്രകടമാകണം.

- **ദൈവാത്മാവിന്റെ വഴി നടത്തിപ്പ് ജീവിതത്തിൽ കാണുവാൻ സാധിക്കുന്നു.**

റോമർ 8:14 'ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു'. അനുതാപത്തിന്റെ ഫലമായി, പരിശുദ്ധാത്മാവിന്റെ യഥാർഥ സാന്നിധ്യം നമുക്ക് അനുഭവിക്കുവാൻ സാധിക്കുന്നു. ജീവിതത്തിൽ പകച്ചു നിൽക്കുന്ന സാഹചര്യങ്ങളിൽ വഴികാട്ടിയായി പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നമ്മെ സഹായിക്കുന്നു.

- **മാനസാന്തരത്തിന്റെ ഫലങ്ങൾ ജീവിതത്തിൽ പ്രകടമാകുന്നു**

മത്തായി 3:8 'മാനസാന്തരത്തിന്നു യോഗ്യമായ ഫലം കായ്പിൻ'. ദൈവത്തോടുള്ള കീഴടങ്ങലാണ് മനസാന്തരത്തിന്റെ ഫലം. യാക്കോബ് 4:7

ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും'. 'പിശാചിനോടും അവന്റെ തന്ത്രങ്ങളോടും എതിർത്ത് ജീവിക്കുവാൻ ക്രിസ്ത്യാനികളായ നമുക്ക് ഓരോരുത്തർക്കും കഴിയണം. സർവസൃഷ്ടികളെയും സ്നേഹിക്കുവാനും കരുതുവാനും ഉള്ള മനസ്സ് നമുക്ക് ലഭിക്കുന്നു. ദൈവീക കല്പനകൾ അനുസരിക്കുവാനും, ദൈവഹിത പ്രകാരം ജീവിക്കുവാനും നമ്മൾ തീരുമാനിക്കുമ്പോൾ സ്വർഗം സന്തോഷിക്കുന്നു. അതിനു വേണ്ടി നമ്മെ തന്നെ ഈ നോമ്പ് കാലത്തിൽ ഒരുക്കാം.

അനുതാപത്തിന്റെ യഥാർത്ഥത്തിലുള്ള ആഴങ്ങളിലേക്ക് ഈ നോമ്പ് കാലത്തിൽ നമുക്ക് പ്രവേശിക്കാം. നിത്യ ജീവന്റെ വറ്റാത്ത ഉറവയിലേക്ക് നമുക്ക് പ്രവേശിക്കാം. ദൈവം നമ്മെ അതിനായി ശക്തീകരിക്കട്ടെ.

# THE SIGNIFICANCE OF THE SEVEN WEEKS OF THE GREAT LENT



— **Juhan Abraham** *Class 9, Sunday school* **(ID: A-326)**

We, the followers of Jesus Christ, must understand the relevance of the Great Lent. Starting from the wedding at Cana, Jesus has altered the human minds in one or the other way. Let's see an overview of the seven weeks of Great Lent.

## The Wedding at Cana

The transformation of water into wine during the Marriage at Cana was the first miracle of Jesus. In the gospel of St. John, it is written: "Jesus did this, the first of His signs, in Cana of Galilee, and it revealed His glory; and His disciples believed in Him."

## Jesus Cleansing a Leper

A man who was affected by leprosy came and knelt before Jesus. He enquired of him saying, "Lord if you are willing, you can make me clean." Jesus responded to the leper by stretching out his hand towards him "I am willing," he said, "Be clean!" Instantly the man was healed of his leprosy.

## Healing the Paralytic at Capernaum

Jesus was in Capernaum at a house and some men made an opening in the roof and lowered a paralyzed man down. Jesus was impressed by their faith and said to the man, "Son, your sins are forgiven." Some Pharisees thought that Jesus was committing blasphemy as they believed that only God can forgive sins. Jesus replied "Why are you thinking these things? Which is easier: to say to the paralytic, 'Your sins are forgiven,' or to say, 'Get up, take your mat and walk'? But that you may know that the Son of Man has authority on earth to forgive sins." Then He said to the paralyzed man to take his mat and go home.



## Exorcism of the Syrophoenician Woman's Daughter

A Canaanite woman came to Jesus and cried to save her daughter who was possessed by a demon. Jesus replied, "It is not right to take the children's bread and toss it to the dogs". She replied that even the dogs eat the crumbs that fall from their master's table. Then Jesus said to her "Woman, you have great faith! Your daughter is healed. "And her daughter was healed from that very hour.

## Jesus Heals a Crippled Woman on the Sabbath

On a Sabbath, Jesus healed a woman who had been crippled by a spirit for eighteen years. The synagogue leader said to the people, "There are six days for work. So come and be healed on those days, not on the Sabbath." Jesus answered him, "You hypocrites! Doesn't each of you on the Sabbath untie your ox or donkey from the stall and lead it out to give it water? Then should not this woman, a daughter of Abraham, whom Satan has kept bound for eighteen long years, be set free on the Sabbath day from what bound her?"

## Blind Man Gets Eyesight

The Sixth Sunday of the Great Lent, commemorates Jesus healing a blind man on Sabbath. On seeing a blind man the disciples asked Jesus whether the blindness was because the man himself had sinned before birth or whether his parents had sinned, with the result that their child was born blind. At that time the way of thinking was based in part on some texts that assumed that a child could be punished for the sins of the parents. Jesus insisted that the paradigm of sin and punishment did not fit this case of congenital blindness.

## Hosanna/Palm Sunday

The church commemorates the triumphant entry of Christ into Jerusalem on a colt. The service commences with a procession in the church with the clergy, dressed in their vestments, carrying olive and palm branches. Hence this Sunday is also known as Palm Sunday. Jesus was welcomed into Jerusalem by a crowd, especially children, shouting 'Ushana' (Hosanna) meaning 'Save Now' in Hebrew, in recognition of the Messiahship of Jesus.

# തിരുവെഴുത്തുകളിൻ പ്രകാരം



— ജോൺ പി. ജോർജ്ജ് (ID: J-460)

**'തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു'** – 1 കൊരിന്ത്യർ 15:4



ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റവും മഹത്തായ പ്രഖ്യാപനമാണിത്. ഒരു വിശ്വാസിയുടെ ആത്മീയ ജീവിതത്തിന്റെയും ആരാധനയുടേയും ക്രിസ്തീയ സഭകളുടെയും ഭേദം കൂടാത്ത പഠിപ്പിക്കലിന്റെയും കേന്ദ്രവും ഇതു തന്നെയാണ്. 'ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രയത്നം വ്യർത്ഥം നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (1 കൊരിന്ത്യർ 15: 14) ക്രിസ്തീയ സഭയുടെ ചരിത്രത്തിൽ ഇദംപ്രഥമമായി കേട്ട പ്രബോധനവും സാംശീകരിക്കപ്പെട്ടത് ഇതിലായിരുന്നു. ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ട് അവനെ ഉയിർത്തെഴുന്നേല്പിച്ചു (അപ്പൊ: 2: 24).

യേശു തന്റെ ജീവനെ ഏൽപ്പിച്ചു കൊടുത്തതുപോലെ അതിനെ വീണ്ടെടുക്കുവാനും ശക്തനാണ്.'എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ട് പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നിൽ നിന്നും എടുത്തുകളയുന്നില്ല' (യോഹന്നാൻ 10:17–18) പിതാവാം ദൈവത്തിന്റെ ജീവനും പുത്രനായ യേശുവിന്റെ ജീവനും തമ്മിൽ ഏതെങ്കിലും വിധത്തിലുള്ള വ്യത്യാസമോ മത്സരമോ ഉള്ളതായി ഓർത്തഡോക്സ് വിശ്വാസം പഠിപ്പിക്കുന്നില്ല. അതുപോലെ പിതാവാം ദൈവത്തിന്റെ ശക്തിയുടേയും പുത്രനായ യേശുവിന്റെ ശക്തിയുടെയും കാര്യത്തിലും ഇതു തന്നെ പഠിപ്പിക്കുന്നു. അതായത് ദൈവശക്തിയും യേശുവിന്റെ ജീവനും ശക്തിയും ഏകവും ഒന്നും തന്നെയുമാകുന്നു. ദൈവം ക്രിസ്തുവിനെ ഉയർപ്പിച്ചു എന്നു പറയുന്നതും ക്രിസ്തു സ്വന്തശക്തിയാൽ ഉയർത്തെഴുന്നേറ്റു എന്നു പറയുന്നതും ഒന്നു തന്നെയാണെന്നർത്ഥം.

'പിതാവിന് തന്നിൽ തന്നെ ജീവനുള്ളതു പോലെ അവൻ പുത്രനും തന്നിൽ തന്നെ ജീവനുള്ളവൻ ആകുമാറ് വരം നൽകിയിരിക്കുന്നു' (യോഹന്നാൻ 10:9).

തന്റെ പുനരുദ്ധാരണം യേശു സ്വയം യാഗമാക്കി മുഴുവനായും സമർപ്പിച്ചു താൻ വിട്ടുകൊടുത്ത ജീവൻ പിതാവിന്റെ മാത്രം ശക്തിയാൽ എന്നു വരാതെ പിതാവിനും പുത്രനുമാകുന്ന ഒരേ ദൈവശക്തിയാൽ വീണ്ടെടുക്കപെട്ടതാണെന്നു തിരുവചനവും ഓർത്തഡോക്സ് വിശ്വാസവും പഠിപ്പിക്കുന്നു.

ക്രിസ്തുവിന്റെ ജഡത്തിലുള്ള മരണത്തിലും യഥാർത്ഥമായ ഉയർപ്പിലും വിശ്വസിക്കുന്ന ഒരു സമൂഹമാണ് നാം. ഉയിർപ്പ് എന്നത് വെറും ജഡികമായ പുനർജ്ജീവനമല്ല. നാം കേട്ട സുവിശേഷമോ സഭയോ യേശു മരിച്ചു വീണ്ടും ജഡീകമായി ചൈതന്യം പ്രാപിച്ചു തന്റെ മരണത്തിന് മുമ്പ് എങ്ങനെയായിരുന്നുവോ അങ്ങനെ തന്നെ ശിഷ്ടകാലം കഴിച്ചു എന്ന് പഠിപ്പിക്കുന്നില്ല. സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന ദൂതൻ കല്ലറയിലെ കല്ല് മാറ്റിയത് യേശുവിനെ കല്ലറയിൽ നിന്നും പുറത്തു പോരാൻ ആയിരുന്നില്ല, മറിച്ച് യേശു അവിടെ ഇല്ല എന്ന് കാണിക്കുവാൻ ആയിരുന്നു എന്ന് ദൈവവചനം പറയുന്നു (മത്തായി 28: 6, മർക്കോസ് 16:6).

തൻറെ ഉയർപ്പിനാൽ യേശു പുതിയതും മഹത്വരവുംമായ രൂപം പൂണ്ടു. അവൻ വിവിധ സ്ഥലങ്ങളിൽ തുടരെത്തുടരെ പ്രത്യക്ഷനായി. പലപ്പോഴും അവനെ തിരിച്ചറിയാൻ പോലും സാധിച്ചില്ല (മർക്കോസ് 16:12, ലൂക്കോസ് 24: 16, യോഹന്നാൻ 20: 24) താനൊരു ഭൂതം അല്ല എന്ന് കാണിക്കുവാനായി അവൻ തിന്നുകയും കുടിക്കുകയും ചെയ്തു (ലൂക്കോസ് 24: 30). തന്നെ തൊട്ട് നോക്കുവാൻ അനുവദിച്ചു പെട്ടെന്ന് ദൃഷ്ടിയിൽ ക്രിസ്തു വാസ്തവമായി ഉയർത്തെഴുന്നേറ്റു എന്ന് പറയുന്നതിന്റെ അർത്ഥം അവനിലെ ആളത്വം പുതിയതും തികഞ്ഞതും ദൈവാരാജ്യാനുഭവത്തിൽ നിത്യവും ആണെന്നതാണ് (1 കൊരി. 15: 42 50).

ക്രിസ്തുവിന്റെ ഉയർപ്പ് സകല മാനവരാശിയുടെയും ഉയർപ്പിന്റെ ആദ്യ ഫലമാകുന്നു. എന്നും തന്റെ പിതാവിനോട് ചേരുവാനായി മടങ്ങിപ്പോകുന്നതിന്റെ ആദ്യ പടിയുമാകുന്നു എന്ന് മനസ്സിലാക്കേണ്ടതാണ്. തിരുവെഴുത്തുകളിൻ പ്രകാരം എന്നെഴുതിയിരിക്കുന്നതിനാൽ അത് പഴയനിയമത്തിന്റെ നിവൃത്തിയാകുന്നു. (സങ്കി 16:10, അപ്പൊ: 2: 25–28). ക്രിസ്തുവിൽ നമ്മുടെ ആശകളും പ്രത്യാശകളും പരിപൂർണ്ണമാക്കപ്പെടുന്നു. (ഹോശയ 13: 14, യെശയ്യാവ് 25: 89, ഹോശയ 6: 12, യെഹെസ്കേൽ 37: 12–14).

# God's Blessings in Our Key Areas of Life



— George Thomas (ID: G-134)

Blessed are those, whose way is blameless, who walk in the law of the Lord. Blessed are those who keep their testimonies, who seek him with their whole heart, who also do no wrong, but walk in his ways (Psalm 119:1-3)

The biblical definition of blessed is a favor or gift bestowed by God, thereby bringing happiness to a person. God's blessings and love are infinite, unfailing, and unconditional because God is the only one who can bless and love us flawlessly, whether one is rich or poor. The blessings of God can be, in the form of health, love, fame, fortune, talent, etc. When you have a faithful relationship with God, the following key areas of our life will empower us to be happy and feel blessed.

## 1. Family and Friends

A blessed and lovely family is a gift from the God. When we keep the family values and live accordingly, we will be showered by God's Grace and Blessings. If we follow the path showed by God for a supportable family, nothing can make us weak and unsound. To have a blessed family, prayers, especially family united prayers are important.

Friends are the most valuable and supporting system in life. Good friends and their family are precious and help to keep the friendship intact. A healthy friendship is always a miracle where God's blessings are abundant and last forever, especially if the mode is with a positive attitude and with a strong inter-supportive approach that will be mutually reliable.

## 2. Personal Relationship

Having a good relationship with people is a true sign of God's blessings. The term relationship should be taken in a broad sense that encompasses all aspects of your life, such as family, career, friends, religion, community, and so on. All our dealings with others are part of a relationship. At times, we find it difficult to keep our relationship intact, depending on the circumstances or situation. This is the place where God's blessings work wonders, directly or indirectly.

## 3. Health and Well-being

Good health and well-being are blessings from God, because when health is lost, it will have a minor or major impact on our lives. We pray to God for good health, and we need to do all we can to keep our health intact. This is possible when we have God's blessings. To continue in good health, we need to follow good guidance and steps which will grant more blessings from God.

## 4. Education and Work

In terms of education, we always pray to God and give thanks for the blessings of true education, both academic and spiritual. We pray to God to bless and guide us to the right path of education that can give us a good career. We continue to pray to overcome struggles with learning, and we ask God to make learning easy for us when we were students and even now as learning is a continuous process. Still, we pray for the same blessings to continue with our loved ones and even those unknown, because education is so important in everyone's life. We ask God for the joy of learning to be restored to all who are discouraged by their progress.



When work is considered as worship, God's blessing will be present always to lead and succeed in work. Our livelihood depends on the work we do and how we do it. To excel in our work, we need to think, adapt, and follow many things. But the right way of thinking at the right time is the real blessing from God.

## 5. Wealth

People always have an inclination to have as much wealth as they can acquire. But do not know how to make wealth, and in what way. That is the million dollar question. Wealth acquired by God's blessings will last longer and transform from generation to generation. The concept of wealth differs from person to person, which varies from the mere money we handle to properties and possessions we intend to have.

## 6. Personal Growth

Personal growth helps us to improve in all areas of our lives, grow emotionally and psychologically, and transform us into more loving, compassionate, and positive people. This will add value to our own life. In this process of transformation, God's blessing is indispensable to take steps in order to address the behavior, attitudes, values, followed by actions and habits that we wish to change.

## 7. Spirituality

Spirituality refers to the relationship with God. Through spiritual relationships, we have a bond with God that makes us more blessed in every walk of our life. God's spirit will allow us to be blessed which will be greater than we could have on our own. Spirituality is a part of life irrespective of caste and creed, but how we see and act makes the difference in life.

To conclude, God, who created the universe, is more powerful in heaven than on earth. God's blessing is wonderful, extravagant, amazing, unstoppable and unconditional in whatever state we are in life. When we accept God's invitation to start a holy relationship, we are secure in God's hands with blessings forever if we are able to follow God in a pious manner. The ultimate truth is that God will never stop blessing us, no matter what we do or where we are in life. If we have doubts about the blessings of God, it is our fear and lack of faith that makes us think so, and not because God has stopped blessing us.

# Can Perseverance Lead to Success?



— **Juan Joby,** *Class 8, Sunday school* **(ID: J-380)**

If you are determined to do something small or big which is dear to your heart, then do it and never give up. You may face a lot of failures, drop downs and others may even tease you. But these challenges will only make you strong and will help you in your life. Firstly, you should believe in yourself. Trust me it is not that hard if you know that you can do the best. Advisors may help you but don't rely on them.

Your opinion is the most important for your success. You should have a role model but remember that you can become a role model for others one day. Try to help people. They will always be grateful to you. Their smile will always be there in your heart. Try to do something that nobody has tried and make history. Do what you like and that will make you happy forever.

Accomplish more tasks with renewed wisdom. You should have a great level of knowledge to achieve your aim. An aim is an important path. You can choose a path either by yourself or follow the path others choose for you.

We all will start somehow but we must be proud of ourselves. Try something different, it may lead you to unexpected turns.

# FELLOWSHIP



— **Richa Sara Jinu, (ID: J-261)**

Generally referring to a monetary award given to a scholar to pay for his or her academic pursuits. A fellowship is typically a merit-based scholarship for advanced study of an academic subject.

In Christian fellowship has a different meaning and essence.

The word fellowship is derived from the Greek word 'Koinonia, when those shared values are in place biblical fellowship occurs. This fellowship produces our mutual cooperation in God's worship, God's Work, God's will being done in the world

1John 1:3 says that what we have seen and heard we proclaim also to you, so that you too may have fellowship with us; and indeed our fellowship is with the Father and with his Son Jesus Christ.

Our associations with those in the body of Christ are especially important. As Christians, we have become brothers and sisters in the family of God through the blood of Christ. The Bible gives these relationships a special distinction beyond mere friendship. That's because bonds between believers are capable of developing a degree of spiritual closeness that far surpasses the limitations of natural human friendships. Christian relationships enjoy biblical Christian fellowship.

No matter where we are in our faith, fellowship provides us with strength. Being around other believers gives us the chance to learn and grow in our faith. It demonstrates to us why we believe and sometimes is the excellent food for our souls.

## FAVOURS RECEIVED



Inserted by

**AIMEE ANN & CHRIS PHILIP**

# HOLY BAPTISM

— Anna Mariam Varghese (ID:G-229)



**Unless one is born of water and the spirit, he cannot enter the kingdom of God.** (St. John 3:5.)

Holy Baptism is the sacrament by which God adopts us as his children and makes us members of Jesus Christ's body and the church. Through baptism; we are born again and become a part of Christ's body. It is performed by sprinkling consecrated water on the head symbolizing purification or regeneration and submission to the church.

In orthodox tradition, baptism includes three full submersion into the baptismal font filled with holy water. Each submersion is for father, son and the Holy Spirit. The Orthodox Church teaches that children born to orthodox parents should be baptized and made members of the church in their infancy itself. During baptism the child discards Satan and accepts Messiah. Along with baptism, the child is anointed with the Mooron that symbolizes the anointment of the Holy Spirit.



In Act 2:38, peter says that "repent and be baptized every one of you in the name of Jesus Christ for the remission of Sin and you shall receive the gift of the Holy Spirit". Our spiritual birth happens through in baptism; Which is one of the important sacraments in our spiritual growth.


## FAVOURS RECEIVED



Inserted by

**JABSON VARGHESE & FAMILY**

## FAVOURS RECEIVED



Inserted by

**BIJU PARUMALA & FAMILY**
**Puthenpurayil (H), Parumala**



# GATEWAY OF OUR BODY

— **Dr Ajeena Mary Alex,** *Specialist Orthodontist,* **(ID: N-018)**
*Royal smile dental Specialist center, Souq Al Khoudh*

Mouth is considered to be the gateway to the whole body. There is a saying, if you don't have control over your mouth, you will not have control over your future. Alike in medical terms, if you don't have a good oral health, you don't have a good overall health. Oral health is an indicator of our overall health. General health and oral health are inevitably connected.




Mouth is filled with bacteria as a normal microbial flora but with the mouth being entrance to one's digestive {stomach} and respiratory tract (lungs),some of them can cause disease, if proper oral hygiene is not maintained .

Poor oral hygiene (deposits, decayed teeth etc )

↓

Gingivitis (gum inflammation causing bleeding gums )

↓

Periodontitis ( gum and bone infection causing pain & mobility of teeth )

↓

Myriad of health issues (Endocarditis , cardiovascular disease, complications during pregnancy, pneumonic etc)

## PREVENTION IS BEST WAY TO AVOID SERIOUS PROBLEMS

To maintain a good oral hygiene and aesthetic facial balance:




1. **BRUSHING HABITS:** Best after every meal but must do twice a day, morning & night. Night brushing is compulsory as the mouth is a perfect environment for colonies of bacteria to thrive - it's warm, moist and lots of nutrients on teeth for the bacteria to feed on, if not brushed .
2. **CARIOUS TEETH:** A tooth with cavity should be filled as soon as possible. Carious teeth can be identified as dark spots, colour changes on tooth and food impaction( food will stuck on the tooth which has a cavity).
3. **REGULAR FOLLOW UP:** It's good to visit a dentist once in 6 months, at least once in a year to have an expert assess of your oral health.
4. **IRREGULAR TEETH AND HABITS:** Any improper bites, irregular teeth or habits can lead to disproportionate jaw relation. Such cases should be consulted to an orthodontist who specializes in straightening teeth and realign jaw using braces and dental appliances.

## ORTHODONTICS FOR CHILDREN

Orthodontics specialize not only in cosmetic appearance of your child teeth but also in the overall health and long term functioning of teeth and jaws. It is better to address the dental issues early, as soon as the parent/patient identifies the problem . Early treatment in younger age can influence the jaw growth in a favourable manner, reduce the need to extract permanent teeth, correct harmful oral habits and guide permanent teeth to more favourable position.

## ORTHODONTICS FOR ADULTS

Orthodontics is not a field restricted only to children but also for adults who need to improve their aesthetics and correct crowded teeth or spaces that have been self-conscious for years. Healthy teeth can be moved in any age. It is never too late to be your best. Many appliances are available today to minimize the appearance of braces. Appliances today are smaller and sleeker and some are almost invisible. Invisalign, ceramic brackets and lingual orthodontics are some among them.

**Invisalign:** Orthodontics treatment which uses a series of clear, removable teeth aligners used as alternative to traditional metal braces.

**Lingual braces:** Treatment alternative for patients who are more concerned about cosmetic appearance. The dental braces are attached on the inside (lingual side) of patients teeth.

**Ceramic braces:** The brackets are clear, tooth coloured and non-metal. It really help to make it less obvious to others that you are wearing braces.

The disparity in tooth and jaw relationship may be treated by orthodontics alone or combination of surgical / functional treatment which in turn improve the oral health, change facial appearance, and boosts the self-esteem of an individual. You can gain confidence and pride with straight teeth and great smile. Nothing can beat a beautiful smile . So keep smiling and be healthy.



# Easter Special Mutton Biryani



— Moly Abraham (ID: A-017)

Ingredients:

i. Mutton - .......................... 1kg
ii. Basmati rice ...................- 1 ½ kg
iii. Cashew nuts ...................- 10 nos
iiii. Green chilly ....................- 8 nos
v. Grated coconut ...............- ¾ cup
vi. Cloves of garlic ...............- 9 nos
vii. Shallots ..........................- 10 nos
viii. Ginger ............................- 1 piece 2 inch size
ix. Kashmiri chilly powder .....- 1 ½ tbsp
x. Coriander power .............- 2 ½ tbsp
xi. Mint leaves .....................- One handful
xii. Coriander leaves .............- One handful
xiii. Turmeric powder .............- ½ tbsp
xiiii. Garam masala ................- 1 ½ tbsp
xv. Onions ............................- ¾ kg
xvi. Ghee ..............................- 4 tbsp
xvii. Oil ..................................- 4 tbsp
xviii. Curd ...............................- ½ cup

Method:

i. Soak the rice for about 20 – 30 minutes.
ii. Grind all the ingredients from (iii) to (xiv) and mix it with the curd and salt as per your taste. Apply the paste to the mutton pieces and pressure cook until the mutton is cooked.
iii. Slice the onions thinly. Pour oil and ghee in a kadai and fry them until golden brown and keep aside.
iiii. Slightly fry the cooked mutton pieces and keep aside.
v. Cook the pre-soaked rice. When the rice is cooked, strain, add lemon juice, fluff with a fork, and keep aside.
vi. Take a large bowl and grease the sides well with ghee. Layer the dish with rice at the bottom, followed by some of the cooked mutton pieces, ghee, gravy, and fried onions. Repeat the layering process and finish with the rice.
vii. Bake the biryani for 10-15 minutes. Garnish with fried onions, cashew nuts, raisins and coriander.








## CROSSWORD



**Across**

3. Where did Jesus grow up after returning from Egypt
7. Who did Samuel anoint as the first king of Israel
11. How many plagues did god send on Egypt
13. Who was the mother of Samuel
15. How many bones does a shark have
16. Who painted the Monalisa
18. How many books did Paul write in the bible
19. What is the currency of Denmark
21. Founder of tesla
22. In which year did Malankara church start celebrating Catholicate day
24. Paul was ship wrecked on which island
26. What type of insect did john the Baptist eat in the desert
27. Study of fruit is called
28. I start out tall , but the longer i stand the shorter i grow, what am i
29. Which is the smallest country in the world
30. What is always coming but never arrives

**Down**

1. Which gospel is written by a doctor
2. What is the capital of Finland
4. How many people did Noah's ark carry
5. Who was the chief artisan of the tabernacle and in charge of building the ark of the covenant
6. Which tribe was Paul from
8. How many stripes are there on the us flag
9. The national flower of Japan
10. The first two sons of Noah was Shem and ham, who was the third
12. What word is spelt incorrectly in every dictionary
14. Where was the first headquarter of the Malankara orthodox church before shifting to Devalokam
17. First Indian to win an Oscar award
20. What month of the year has twenty-eight days
23. Which is the shortest book in the bible
25. What sport is best known as the king of sports

**Instructions: • Answers must be Emailed to mgomevineyard@gmail.com on or before 30th June 2022.**

• Members of the editorial board and their family members are excluded from the kids Quiz Contest. • Children below 14 years can only participate.

• Winners will be selected by a draw if the right answers are more than one and the result will be published in the next edition. • The decision of the Vineyard Committee will be final.

## GENERAL QUIZ

1. പഴയനിയമത്തിലെ വെളിപാട് പുസ്തകം ഏത് ?
2. യെശയ്യാവിന്റെ പിതാവിന്റെ പേര് ?
3. കനാൻ ദേശത്തു ഓഹരി ലഭിച്ച ഏകവ്യക്തി ?
4. ബെഥേലിന്റെ പഴയ പേര് ?
5. യിസ്രായേലിന്റെ പ്രവാചകി ?
6. കുളവും കൽപ്പാത്തിയുമുണ്ടാക്കി വെള്ളം നഗരത്തിലേക്ക് വരുത്തിയതാര് ?
7. പുനരുത്ഥാനം ഇല്ലായെന്നു പറയുന്നവർ ?
8. പീലാത്തോസിന്റെ ന്യായാസനത്തിന്റെ പേരെന്ത് ?
9. ബർണബാസ് എന്ന പേരിന്റെ അർത്ഥമെന്ത് ?
10. മലങ്കരയിലെ പ്രഥമ മാസിക ഏത് ?
11. അങ്കമാലി പടിയോല നടന്നവർഷം ?
12. ആദ്യത്തെ മലങ്കര അസോസിയേഷൻ കൂടിയ തീയതി ?
13. അപ്പോസ്തോലന്മാരിൽ ആദ്യമായി രക്തസാക്ഷിത്വം പ്രാപിച്ച ശ്ലീഹ ?
14. പൗലോസ്ശ്ലീഹായുടെ ഗുരുവിന്റ് പേര് ?
15. മലങ്കരയുടെ ഏറ്റവും പുരാതനമായ ചെപ്പേട് ഏത് ?
16. 'ചാർത്തും നീതിയെ നിന്നാചാര്യന്മാരും ......... എന്ന ഗീതത്തിന് ആധാരമായ വേദഭാഗം ?
17. മലങ്കര ഓർത്തഡോക്സ് സഭ പരമാധ്യക്ഷനായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ കാതോലിക്കാ ബാവ സ്ഥാനോരിഹിതനായ തീയതി ?
18. സഭാവത്സലൻ എന്നറിയപ്പെടുന്ന വ്യക്തി ?
19. മലങ്കര ഓർത്തഡോക്സ് സഭയുടെ മുഖപത്രം ?
20. പരിശുദ്ധത്മാവിന്റെ വീണ?

**Instructions: • Answers must be Emailed to mgomevineyard@gmail.com on or before 30th June 2022.**

• Members of the editorial board and their family members are excluded from the General Quiz Contest.

• Winners will be selected by a draw if the right answers are more than one and the result will be published in the next edition. • The decision of the Vineyard Committee will be final.

## Winners List

**Coloring competition**

**1st Prize:** Aneya Raichel, Church ID -P088

**2nd Prize:** Gregory T Kurien, Church ID -J327; Alena Varghese, Church ID -P088

**Crossword Winners**

**1st Prize:** Gregory T Kurien, Church ID -J327

**2nd Prize:** Joel Koshy, Church ID -K036

**Bible Quiz (Malayalam)**

**Winner:** Sheeja Ajesh Thomas, Church ID A235

# മസ്കറ്റ് മഹാ ഇടവക

ക്രിസ്തു ശിഷ്യനായ വിശുദ്ധ തോമാശ്ലീഹായാൽ ഭാരതത്തിൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് മധ്യപൂർവദേശത്ത് സംസ്കാരത്തിന്റെ മടിത്തട്ടെന്ന് വിശേഷിപ്പിക്കുന്ന സുൽത്താനേറ്റ് ഒമാൻ എന്ന അനുഗ്രഹീത ഭൂമിയിൽ ഒരു ഇടവക രൂപീകൃതമായി അഞ്ച് ദശാബ്ദങ്ങൾ പിന്നിടുന്നു.

1960–കളിൽ എണ്ണ പരിവേഷണത്തോടെയാണ് അറേബ്യൻ ഗൾഫ് നാടുകളിലേക്ക് അതിജീവനത്തിനായുള്ള മലയാളിയുടെയും പ്രയാണം ആരംഭിക്കുന്നത്. അന്നം തേടിയുള്ള യാത്രയിൽ മലങ്കര സഭയുടെ അരുമ സന്തതികളും ഉണ്ടായിരുന്നു. 1970–ൽ വിവിധ ക്രൈസ്തവ സഭാ വിഭാഗങ്ങൾ ചേർന്ന് രൂപം നൽകിയ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷനിൽ ഓർത്തഡോക്സ് സഭാ മക്കളും അംഗങ്ങളായിരുന്നു. മസ്കറ്റിലെ അമേരിക്കൻ മിഷൻ ഹോസ്പിറ്റലിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന ക്രൈസ്റ്റ് ചർച്ച് എന്നറിയപ്പെട്ടിരുന്ന ചാപ്പലിൽ ഒരുമിച്ചാണ് ആരാധന ആർപ്പിച്ചിരുന്നത്. എന്നാൽ തങ്ങളുടെ പിതാക്കന്മാർ പകർന്നു നൽകിയ വിശ്വാസത്തിലും പാരമ്പര്യത്തിലും അധിഷ്ഠിതമായ ആരാധന നടത്തുന്നതിനും സ്വന്തമായി ഒരു ഇടവക രൂപീകരിക്കണമെന്നുമുള്ള അദമ്യമായ ആഗ്രഹത്തിലും നിരന്തരമായ ശ്രമങ്ങൾക്കൊടുവിൽ 1972 ജൂൺ 30–ന് അന്നത്തെ അബുദാബി–ദുബായ് ഇടവകയുടെ വികാരിയായ ടി. എ. ജേക്കബ് അച്ചൻ ഒമാന്റെ മണ്ണിൽ ആദ്യമായി വിശുദ്ധ കുർബാന അർപ്പിച്ച് ഇടവക രൂപീകരണത്തിന് നാന്ദികുറിച്ചു. ഒമാനിലെ മലങ്കരസഭാ മക്കൾക്ക് അഭിമാനത്തിന്റെയും സ്വപ്ന സാക്ഷാത്ക്കാരത്തിന്റെയും ദിനമായിരുന്നു.

1972 നവംബർ 23–ന് അന്നത്തെ ബാഹ്യ കേരള ഭദ്രാസനത്തിലെ ചുമതല വഹിച്ചിരുന്ന ഡോ. മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനി ഇടവക രൂപീകരണത്തിന് ടി. എ. ജേക്കബ് അച്ഛനെ അബുദാബി–ദുബായ് ഇടവകൾക്കൊപ്പം മസ്കറ്റ് ഇടവകയുടെയും വികാരിയായി നിയമിച്ചു കൽപ്പന നൽകി. 1972 ഡിസംബർ 1–ന് നടന്ന ആദ്യ പൊതു യോഗത്തിൽ മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനും ഭാരതീയ ക്രൈസ്തവ സഭകളുടെ ആദ്യ പരിശുദ്ധനുമായ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയെ ഇടവകയുടെ കാവൽ പിതാവായി സ്വീകരിച്ചുകൊണ്ട് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക എന്ന് നാമകരണം ചെയ്തു. 1972 മുതൽ മസ്കറ്റ് ക്രൈസ്റ്റ്ചർച്ചിലും തുടർന്ന് 1976 മുതൽ റൂവി പി.സി.യോ. ഹാളിലും ആരാധനകളും കൗദാശിക കർമ്മങ്ങളും നിർവഹിച്ചു വരുന്നു. ഇതിനിടെ പി.സി.യോ. വളപ്പിൽ തന്നെ സ്വന്തമായി ഒരു പാർസനേജ് നിർമ്മിച്ച് 1978 ഫെബ്രുവരി 3–ന് കൂദാശ നിർവ്വഹിച്ചു.

ഈ കാലയളവിൽതന്നെ മലങ്കര സഭാ മക്കളുടെ വലിയ തോതിലുള്ള ഒഴുക്കാണ് ഇവിടേക്കുണ്ടായത്. അംഗങ്ങളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചതോടെ സ്വന്തമായി ഒരു ദൈവാലയം എന്ന സ്വപ്നം മനസ്സിൽ സൂക്ഷിച്ചിരുന്ന സഭാമക്കൾ അതിനുള്ള ശ്രമം ആരംഭിച്ചു. അശ്രാന്ത പരിശ്രമങ്ങൾക്കൊടുവിൽ 1997–ൽ പ്രൊട്ടസ്റ്റന്റ് ചർച്ചിന്റെ അധീനതയിലുള്ള സ്ഥലത്ത് ഓർത്തഡോക്സ് –മാർത്തോമാ ഇടവകൾക്കായി ഒരു ദേവാലയം നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും 1999 ഏപ്രിൽ 16–ന് ശിലാസ്ഥാപനം നടത്തി 10 മാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കി.



# അമ്പതിന്റെ നിറവിൽ

— Compiled by: Joseph Varghese (Biju Parumala) & Biju George

2000 ഫെബ്രുവരി പത്തിന് പ്രൗഢമായ ചടങ്ങുകളോടെ കൂദാശ നിർവ്വഹിച്ചു. സെന്റ് തോമസ് ചർച്ചിന്റെ പൂർത്തീകരണത്തിലൂടെ സ്വന്തമായി ഒരു ദേവാലയം എന്ന ചിരകാല സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയായിരുന്നു. ഇവിടെയാണ് വെള്ളിയാഴ്ചകളിലേയും മറ്റു പ്രധാന ദിവസങ്ങളിലേയും ആരാധനകളും ശുശ്രൂഷകളും പ്രധാന പരിപാടികളും നടന്നു വരുന്നത്. ഏകദേശം 1500 പേരെ ഉൾക്കൊള്ളാവുന്ന ഈ ദേവാലയം ഇന്ന് എക്യുമെനിസത്തിന്റെ ഉദാത്ത മാതൃകയായി നിലകൊള്ളുന്നു. ഒമാനിലെ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും പരിപാടികളിലും ഇടവക സജീവ പങ്കാളിത്തം വഹിക്കുന്നു.

ഇടവക രൂപീകൃതമായ നാൾമുതൽ സഭയുടെ വിശ്വാസത്തിലും പാരമ്പര്യത്തിലും അധിഷ്ഠിതമായ ആരാധനകളും ശുശ്രൂഷകളും അർപ്പിച്ചു വരുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും വിശേഷദിവസങ്ങളിലും അർപ്പിക്കുന്ന വിശുദ്ധ ആരാധനയിൽ അനേകം വിശ്വാസികൾ പങ്കുകൊള്ളുന്നു. വിശുദ്ധവാര ശുശ്രൂഷകൾ, ക്രിസ്മസ് നവവത്സര ശുശ്രൂഷകൾ, വിശുദ്ധ നോമ്പാചരണം, മധ്യസ്ഥ പ്രാർത്ഥനകൾ തുടങ്ങി വിശ്വാസ സമൂഹത്തിന് ആത്മീയ പരിപോഷണത്തിനായി എല്ലാ ശുശ്രൂഷകളും ഭംഗം കൂടാതെ നടത്തിവരുന്നു. ഇടവകയുടെ കാവൽ പിതാവായ പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും ഇതിനോടനുബന്ധിച്ച് ഇടവക ദിനാചരണവും എല്ലാ വർഷവും നവംബർ ആദ്യവാരവും കൂടാതെ എല്ലാ ശുദ്ധിമാൻമാരുടെയും ശുദ്ധിമതികളുടെയും ഓർമ്മപ്പെരുന്നാളും കൂടി സമുചിതമായി ആചരിച്ചു വരുന്നു.

ഇടവകയുടെ മറ്റൊരു നാഴിക കല്ലായിരുന്നു മഹാ ഇടവകയായി ഉയർത്തപ്പെട്ടത്. 2012 മാർച്ച് 12–ന് മലങ്കരയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തന്റെ ശ്ലൈഹിക സന്ദർശന വേളയിൽ പ്രത്യേക കല്പനയിലൂടെ ഇടവകയെ മഹാ ഇടവകയായി പ്രഖ്യാപിച്ചു. മാതൃ ഇടവകയായ മസ്കറ്റ് മഹായിടവകക്കൊപ്പം സലാലാ സെന്റ് സ്റ്റീഫൻസ്, സോഹാർ സെന്റ് ജോർജ്ജ്, ഗാല സെന്റ് മേരീസ് എന്നീ നാല് ഇടവകകളാണ് മലങ്കര സഭയ്ക്ക് ഒമാനിലുള്ളത്. മസ്കറ്റ് മഹാ ഇടവകയിൽ മാത്രം ഇപ്പോൾ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളുമായി ഏകദേശം മൂവായിരത്തിലധികം അംഗങ്ങളാണുള്ളത്. ദൈവീക നടത്തിപ്പിന്റേയും കരുതലിന്റേയും വലിയ സാക്ഷ്യമാണിത്. 1977–ൽ നിർമ്മിച്ച പാർസനേജിൽ സ്ഥലപരിമിതിമൂലം തൽസ്ഥാനത്ത് ഒരു ബഹുനില പാർസനേജും ഓഫീസ് സമുച്ചയവും നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും 2001 ഡിസംബർ 31–ന് ശിലാസ്ഥാപനം നടത്തി 2004 ഓഗസ്റ്റിൽ ഇതോടെ ചേർന്ന് നിർമ്മിച്ച കുരിശിൻ തൊട്ടിയുടെയും കൂദാശ നിർവ്വഹിച്ചു. പിന്നീട് ഇതിനു മുകളിലായി വീണ്ടും ഒരു നില കൂടി നിർമ്മിച്ച് 2013 ഒക്ടോബറിൽ കൂദാശ നടത്തുകയും ചെയ്തു. കൂടാതെ ഇടവകയിലെ സഹ വികാരിക്ക് താമസിക്കുന്നതിനും ഇടവകയുടെ മറ്റ് ആവശ്യങ്ങൾക്കുമായി പാർസനേജിനോട് ചേർന്ന് മൂന്നു നിലകളിലായി ഒരു കെട്ടിട സമുച്ചയവും കൂടി നിർമ്മിച്ച് 2021 മാർച്ചിൽ കൂദാശ ചെയ്തു. മലങ്കര സഭ പരിശുദ്ധന്മാരായി പ്രഖ്യാപിച്ച ഇടവകയുടെ കാവൽ പിതാവായ പരിശുദ്ധ പരുമല തിരുമേനിയുടെയും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെയും തിരുശേഷിപ്പുകൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. രണ്ട് വിശുദ്ധന്മാരുടെയും അദൃശ്യസാന്നിധ്യം കാവലും കോട്ടയും ഇന്ന് അനേകർക്ക് അഭയസ്ഥാനമാണ്. മനോഹരമായ ഈ ബഹുനില മന്ദിരത്തിലാണ് ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളും ക്രമീകരിക്കുന്നത്. അക്ഷര വെളിച്ചം പകർന്നു നൽകാൻ ഒരു ലൈബ്രറിയും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

1972 മുതൽ ഇടവക വിവിധ ഭദ്രാസനങ്ങളിയാണ് പ്രവർത്തിച്ചിരുന്നത്. 1977 വരെ ബാഹ്യ കേരള ഭദ്രാസനത്തിലും പിന്നീട് ബോംബെ ഭദ്രാസനത്തിലും 1979 മുതൽ 2008 വരെ കൽക്കട്ട ഭദ്രാസനത്തിലും തുടർന്ന് ഇതുവരെ അഹമ്മദാബാദ് ഭദ്രാസനത്തിലുമാണുള്ളത്. അഭിവന്ദ്യ ഡോ. മാത്യൂസ് മാർ അത്താനാസിയോസ്, ഡോ. തോമസ് മാർ മക്കാറിയോസ്, ഡോ. സ്റ്റെഫാനോസ് മാർ തേവോദോസലിയോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ് എന്നീ പിതാക്കന്മാർക്കൊപ്പം ഇപ്പോൾ 2010 ഓഗസ്റ്റിൽ അഹമ്മദാബാദ് ഭദ്രാസനത്തിന്റെ ചുമതലയേറ്റ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനിയുടെ ആധ്യാത്മികവും കർമ്മനിരതവും ശക്തവുമായ നേതൃതıത്തിൽ ഇടവക അഭിവൃദ്ധിയുടെ പടവുകൾ പിന്നിടുന്നു.

മസ്കറ്റ് ഇടവകയെ 29 വർഷക്കാലം സത്യവിശ്വാസത്തിൽ നയിച്ച കർമ്മ യോഗിയായിരുന്നു അഭിവന്ദ്യ ഡോ. സ്റ്റെഫാനോസ് മാർ തേവോദോസിയോസ് തിരുമേനി. സഭയുടെ ഉത്തര ഭാരത മിഷൻ പ്രവർത്തനങ്ങൾക്ക് പുതിയ മാനവും ദർശനവും നൽകിയ ആ പിതാവ് 2007 നവംബർ അഞ്ചിന് തൻറെ ആത്മനാഥന്റെ സന്നിധിയിലേക്ക് വിളിച്ചു ചേർക്കപ്പെട്ടത് ഈ മണ്ണിൽ വച്ചായിരുന്നു. ആ പുണ്യ പിതാവിൻറെ പാവന സ്മരണയ്ക്ക് മുമ്പിൽ അശ്രുപൂജകൾ അർപ്പിക്കുന്നു. തിരുമേനിയുടെ ഓർമ്മയ്ക്കായി ഒരു സ്മരണക്കബർ മഹാ ഇടവകയിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. കൂടാതെ എല്ലാവർഷവും ഓർമ്മപ്പെരുന്നാളും അനുസ്മരണവും കൊണ്ടാടുകയും തിരുമേനിയുടെ സ്മരണയ്ക്കായി ക്വിസ് മത്സരവും തണൽ പുരസ്കാരവും നൽകി വരുന്നു.

മലങ്കര സഭയെ നയിച്ചിട്ടുള്ളതും ഇപ്പോൾ നയിച്ചു കൊണ്ടിരിക്കുന്നതുമായ പരിശുദ്ധ പിതാക്കന്മാരുടെയും അഭിവന്ദ്യ തിരുമേനിമാരുടെയും വൈദിക ശ്രേഷ്ഠരുടേയും സഭാ സ്ഥാനാർകളുടേയും ഉന്നതരായ വ്യക്തിത്വങ്ങളുടെയും സന്ദർശനങ്ങളിലൂടെ ധന്യമായിത്തീർന്നിട്ടുണ്ട് മസ്കറ്റ് മഹാഇടവക. 1975 ഡിസംബറിൽ ഇടവക സന്ദർശനത്തിനെത്തിയ കണ്ടനാട് ഭദ്രാസനാധിപൻ അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയും അന്നത്തെ ഇടവക വികാരിയായിരുന്ന സി എം ഫിലിപ്പോസ് അച്ചനും ചേർന്ന് ഒമാൻ ഭരണാധികാരി ഹിസ് മജസ്റ്റി സുൽത്താൻ ഖാബൂസുമായി സലാല പാലസിൽ കൂടിക്കാഴ്ച നടത്തി സഭയുടെ ആശംസകൾ കൈമാറിയത് ഇടവകയുടെ ചരിത്രത്താളുകളിൽ സുവർണ്ണ ലിപികളിൽ എഴുതി ചേർക്കപ്പെട്ട സംഭവമായിരുന്നു.

ആദ്ധ്യാത്മിക ചൈതന്യം സ്ഫുരിക്കുന്ന ആത്മീയ സംഘടനകളാണ് ഇടവകയുടെ മറ്റൊരു കരുത്ത്. ഇത് ആത്മ ചൈതന്യത്തിലും ക്രൈസ്തവ മൂല്യധിഷ്ഠിതവും സംസ്കാര സമ്പന്നവുമായ ഒരു തലമുറയെ വാർത്തെടുക്കുവാൻ ആത്മീയ സംഘടനകളുടെ പ്രവർത്തനങ്ങൾ നിർണായകമായ പങ്കു വഹിക്കുന്നു. യുവജനപ്രസ്ഥാനം, സൺഡേ സ്കൂൾ, മർത്തമറിയം വനിതാ സമാജം, എം ജി ഓ സി എസ് എം, ശുശ്രൂഷക സംഘം, ദിവ്യബോധനം, പ്രാർത്ഥനാ ഗ്രൂപ്പുകൾ, ഗായകസംഘങ്ങൾ ഇവയൊക്കെ സജീവമായി ഇടവകയിൽ പ്രവർത്തിക്കുന്നു.

ചൈതന്യവത്തായ നിരവധി പ്രവർത്തനങ്ങൾ ഇടവകയുടെ കർമ്മ വീഥികളിൽ ജ്വലിച്ചു നിൽക്കുന്നു. ഈ മണലാരണ്യത്തിൽ ഇന്നയോളം പരിപാലിച്ച സർവ്വശക്തന്റെ തൃപ്പാദങ്ങളിൽ ശിരസ്സ് നമിക്കുന്നു. ആത്മീയ സരണിയിൽ നയിച്ച പിതാക്കന്മാർ, ആചാര്യ ശ്രേഷ്ഠന്മാർ, വൈദികർ, ത്യാഗോജ്വലമായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചവർ, പ്രതിസന്ധിഘട്ടങ്ങളിൽ കൈത്താങ്ങ് നൽകിയവർ, ഇടവകയുടെ പ്രവർത്തനങ്ങൾക്ക് നിസ്വാർത്ഥ സഹകരണവും സഹായവും പിന്തുണയും നൽകിയവർ ഏവരെയും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

## FAVOURS RECEIVED



Inserted by

**BIJU GEORGE & FAMILY**

## FAVOURS RECEIVED



Inserted by

**Anu Mathew & Family**

Mathew's Villa, Cheriyanad P. O., Chengannur

## FAVOURS RECEIVED



Inserted by

**JOHN THOMAS VADAKEDOM & FAMILY**

Vadakedathu (H), Ayroor, Pathanamthitta

## FAVOURS RECEIVED



Inserted by

**VARGHESE KURUVILLA & FAMILY**

# ഓർത്തഡോക്സ് സഭക്ക് പുതുതായി ഏഴ് ബിഷപ്പുമാരെ തിരഞ്ഞെടുത്തു




കോലഞ്ചേരിയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഓർത്തഡോക്സ് സഭയ്ക്ക് പുതുതായി ഏഴ് ബിഷപ്പുമാരെ തിരഞ്ഞെടുത്തു. ഫാ . ഏബ്രഹാം തോമസ്, കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഫാ . ഡോ . റെജി ഗീവർഗീസ്, ഫാ. പി.സി. തോമസ്, ഫാ . ഡോ . വർഗീസ് കെ. ജോഷി ഫാ. വിനോദ് ജോർജ്, ഫാ. സക്കറിയ നൈനാൻ ചിറത്തലാട്ട് എന്നിവരാണു തിരഞ്ഞെടുക്കപ്പെട്ടത്. സഭയുടെ ചരിത്രത്തിലാദ്യമായി ഓൺലൈനിലൂടെ നടത്തിയ വോട്ടെടുപ്പിൽ വിജയികളായവരുടെ പേരുകൾ അസോസിയേഷൻ പ്രസിഡന്റ് കൂടിയായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു. 11 സ്ഥാനാർഥികളാണു മത്സരത്തിനുണ്ടായിരുന്നത്. അൽമായരുടെയും വൈദികരുടെയും വിഭാഗങ്ങളിലെ ഭൂരിപക്ഷം പ്രത്യേകം കണക്കാക്കിയാണു വിജയികളെ നിശ്ചയിച്ചത്. മെത്രാപ്പൊലീത്തമാരായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് അസോസിയേഷനും സുന്നഹദോസും എല്ലാ പ്രാർത്ഥനാശംസകൾ നേർന്നു

## പ്രാർത്ഥനാശംസകൾ


Rev. Fr. Abraham Thomas


Rev. Fr. Vinod George


Rev. Fr. Varghese K. George


Very Rev. Kochuparmbil Geevarghese Ramban


Rev. Fr. P. C. Thomas


Rev. Fr. Reji Geevarghese


Rev. Fr. Zachariah Ninan

## യെൽദോ ശുശ്രൂഷ



ഡിസംബർ 24–ാം തീയതി വൈകിട്ട് സെന്റ് തോമസ് ദേവാലയത്തിൽ വച്ച് വികാരി റവ. ഫാ. വർഗീസ് റ്റിജു ഐപ്പിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാനയും ജനന പെരുന്നാളിന്റെ പ്രത്യേക ശുശ്രൂഷയും നടത്തപ്പെട്ടു.

## ഇടവക പെരുന്നാൾ






നമ്മുടെ ഇടവകയുടെ കാവൽ പിതാവായ പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മയും വാർഷിക കൺവെൻഷനും ഇടവക പെരുന്നാളും അഭിവന്ദ്യ ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മയും ഒക്ടോബർ 29 മുതൽ നവംബർ 5 വരെയുള്ള തീയതികളിൽ ഭക്തിപുരസ്സരം നടത്തപ്പെട്ടു.

നവംബർ 1, 2, 3 തീയതികളിൽ **online** ആയി നടത്തപ്പെട്ട കൺവെൻഷനിൽ അഭി. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത, റവ. ഫാ. പി കെ വർഗ്ഗീസ്, റവ. ഫാ. ഷിബു ബേബി എന്നിവർ വചന ശുശ്രൂഷകൾ നടത്തി.

നവംബർ 4, വ്യാഴാഴ്ച വൈകുന്നേരം സന്ധ്യാ നമസ്കാരവും തുടർന്ന് ഭക്തി നിർഭരമായ റാസയും നടത്തപ്പെട്ടു. നവംബർ 5, വെള്ളിയാഴ്ച പെരുന്നാൾ ശുശ്രൂഷകൾക്ക് ഇടവക വികാരി റവ. ഫാ. വർഗീസ് റ്റിജു ഐപ്പ് മുഖ്യ കർമികത്വം വഹിച്ചു. തുടർന്ന് നടന്ന ഇടവക ദിനചാരണവും അഭി. ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനി അനുസ്മരണവും സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സഭാ മാനേജിങ് കമ്മിറ്റി അംഗം ഡോ. ഗീവർഗ്ഗീസ് യോഹന്നാൻ അനുസ്മരണ പ്രഭാഷണം നടത്തി. ഇടവക ദിനചാരണത്തോട് അനുബന്ധിച്ച് ആദ്യഫല ലേലവും ആത്മീയ സംഘടനകളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും സൺഡേ സ്കൂൾ കുട്ടികളുടെ ഫാൻസി ഡ്രസ്സ് മത്സരങ്ങളും ഓൺലൈൻ ആയി നടത്തപ്പെട്ടു. ഇടവക ട്രസ്റ്റി ശ്രീ. സാബു കോശി, കോ–ട്രസ്റ്റി ശ്രീ. കോശി എം തരകൻ, ആക്ടിങ് സെക്രട്ടറി ശ്രീ. ബിജു ജോർജ്ജ്, പെരുന്നാൾ കൺവീനർ ശ്രീ. ജോൺ തോമസ് (സാജൻ) എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# ക്രിസ്മസ് കരോൾ 2021



ഇടവകയുടെ 2021 വർഷത്തെ ക്രിസ്മസ് കരോൾ സർവീസ് കോവിഡ് മഹാമാരിയുടെ നിയന്ത്രണങ്ങൾ നിലനിന്നിരുന്നാൽ കരോൾ പ്രോഗ്രാമുകൾ ഡിസംബർ 25–ന് ഓൺലൈൻ പ്ലാറ്റ്ഫോമിൽ സംപ്രേഷണം നടത്തപ്പെട്ടു . അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത, മർത്തോമ ചർച്ച് ഇൻ ഒമാൻ ഇടവക വികാരി റവ. സാജൻ വർഗീസ് എന്നിവർ ക്രിസ്മസ് സന്ദേശം നൽകി. ഇടവക വികാരി റവ. ഫാ. വർഗീസ് റ്റിജു ഐപ് അധ്യക്ഷ പ്രസംഗവും ട്രസ്റ്റി ശ്രീ. സാബു കോശി സ്വാഗത പ്രസംഗവും ആക്ടിങ് സെക്രട്ടറി ശ്രീ. ബിജു ജോർജ് നന്ദിയും രേഖപ്പെടുത്തി.

സീനിയർ ജൂനിയർ ഗായക സംഘങ്ങൾ ആലപിച്ച ക്രിസ്മസ് ഗാനങ്ങൾ, സൺഡേ സ്കൂൾ കുട്ടികളുടെ പ്രോഗ്രാം, യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തിയ നാടകം, നാടൻ ക്രിസ്മസ് കരോൾ, മർത്തമറിയം വനിതാ സമാജത്തിന്റെ നേതൃത്വത്തിൽ നടത്തിയ പ്രോഗ്രാം മുതലായവ കരോൾ പരിപാടികൾ ആസ്വാദ്യകരമാക്കി. ശ്രീ. തോമസ് ജോൺ, ശ്രീ. അജി തോമസ് എന്നിവർ ക്രിസ്മസ് കരോൾ പരിപാടികളുടെ കൺവീനർമാർ ആയിരുന്നു.

# മാർ ഗ്രീഗോറിയോസ് മഹാ ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒമാനിലെ ആദ്യ ദേവാലയമായ മാർ ഗ്രീഗോറിയോസ് മഹാ ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. റൂവി സെന്റ് തോമസ് ചർച്ചിൽ സഭയുടെ അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന പുതുവത്സര കുർബ്ബാനക്ക് ശേഷം നടന്ന വർണ്ണാഭമായ ചടങ്ങിലാണ് സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്.

1972–ൽ 50 വർഷങ്ങൾക്കു മുൻപ് ഇടവക രൂപവത്ക്കരണത്തിന് നാന്ദികുറിച്ച പൂർവ്വികരെ സ്മരിച്ചും ആരാധനയ്ക്കും ആത്മീയ ശുശ്രൂഷകൾക്കുമൊപ്പം ചരിത്ര പഥങ്ങളിലിടം നേടിയ സുപ്രധാന നേട്ടങ്ങളും പുരോഗതിയും അനാവരണം ചെയ്ത ആമുഖ വിവരണത്തോടെയാണ് സുവർണ്ണ ജൂബിലി ഉദ്ഘാടന സമ്മേളനത്തിന് തുടക്കം കുറിച്ചത്. അഭി. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനി ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾക്ക് ഭദ്രദീപം തെളിയിച്ചു. ജൂബിലി എന്നാൽ ദൈവത്തെ സ്തുതിക്കുക എന്നതാണ്. അൻപതാണ്ടുകളിൽ വഴിനടത്തിയ ദൈവത്തെ സ്തുതിക്കുന്നതിനും ധർമ്മം കൊണ്ടും കർമ്മം കൊണ്ടും നയിച്ച പൂർവികരെ സ്മരിക്കുന്നതിനുമുള്ള അവസരമാണ് ജൂബിലി വർഷമെന്ന് തിരുമേനി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കൂടുതൽ ആത്മീയതയിലും നന്മയിലും വളരുവാനും അനേകർക്ക് സാന്ത്വന സ്പർശമേകുവാനും സാധിക്കട്ടെ എന്നാശംസിച്ചു.

ഇടവക വികാരി റവ. ഫാ. വർഗീസ് റ്റിജു ഐപിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സി. എസ്. ഐ മധ്യ കേരളാ ഭദ്രാസന ബിഷപ്പ് റൈറ്റ് ഡോ. മലയിൽ സാബു കോശി ചെറിയാൻ അനുഗ്രഹപ്രഭാഷണം നടത്തി. ചടങ്ങിൽ ഒമാൻ മാർത്തോമ്മാ ഇടവക വികാരി റവ. സാജൻ വർഗ്ഗീസ്, ഇടവക ട്രസ്റ്റി സാബു കോശി, കോ ട്രസ്റ്റി കോശി എം. തരകൻ എന്നിവർ സംസാരിച്ചു. സെന്റ് ജെയിംസ് സി.എസ.ഐ. ഇടവക വികാരി റവ. അനിൽ തോമസ്, ഒമാൻ മാർത്തോമ്മാ ഇടവക അസിസ്റ്റന്റ് വികാരി റവ. ബിനു തോമസ്, ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം തോമസ് ഡാനിയേൽ, സ്ഥാപക അംഗവും ഭദ്രാസന കൗൺസിൽ അംഗവുമായ ഡോ. സി തോമസ് എന്നിവർ സന്നിഹിതരായിരുന്നു. ചടങ്ങിൽ സുവർണ്ണ ജൂബിലി ലോഗോ പ്രകാശനം നിർവ്വഹിക്കുകയും ചിന്താ വിഷയത്തെ ആസ്പദമാക്കിയുള്ള ഗാനം ക്വയർ അംഗങ്ങൾ ആലപിക്കുകയും ചെയ്തു. തുടർന്ന് പുതുവത്സര ജാഗരണവും നടന്നു. സുവർണ ജൂബിലി ആഘോഷ സമിതി ചെയർമാൻ ഡോ. ഗീവർഗ്ഗീസ് യോഹന്നാൻ, ജനറൽ കൺവീനർ അഡ്വ. എബ്രഹാം മാത്യു എന്നിവർ നേതൃത്വം നൽകി.

# വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ ഓർമ്മ പെരുന്നാൾ

പരിശുദ്ധ വട്ടശ്ശേരിൽ ദിവന്നാസിയോസ് തിരുമേനിയുടെ ഓർമ്മപെരുന്നാൾ നമ്മുടെ ഇടവകയിൽ ഫെബ്രുവരി 24, 25 തീയതികളിൽ ഭക്തിപുരസ്സരം നടത്തപ്പെട്ടു. ഫെബ്രുവരി 24, വ്യാഴാഴ്ച വൈകുന്നേരം വചന ശുശ്രൂഷക്കും റാസക്കും ഗാല സെൻറ് മേരീസ് ഓർത്തോഡോക്സ് ഇടവക വികാരി റവ . ഫാ . ഡെന്നിസ് കെ . ഡാനിയേൽന്റെ മുഖ്യ കാർമ്മികത്വത്തിൽ ശുശ്രൂഷകൾ നടത്തപ്പെട്ടു. കുർബ്ബാനന്തരം നേർച്ച വിളമ്പും ഉായിരുന്നു. ഇടവക വികാരി ബഹുമാനപ്പെട്ട റവ. ഫാ. വർഗീസ് റ്റിജു ഐപ് പെരുന്നാളിന് നേതൃത്വം നൽകി

# സെന്റ് തോമസ് ദേവാലയത്തിന്റെ 22-ാം വാർഷിക ദിനാഘോഷം

മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയും മാർത്തോമ ചർച്ച് ഇൻ ഒമാൻ ഇടവകയും സംയുക്ത ആഭിമുഖ്യത്തിലുള്ള സെന്റ് തോമസ് ദേവാലയത്തിന്റെ 22-ാം വാർഷിക ദിനാഘോഷം 2022 മാർച്ച് 11 വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് നടത്തപ്പെട്ടു. സെന്റ് തോമസ് ചർച്ചിന്റെ പ്രസിഡന്റ് റവ. ഫാ. വർഗീസ് റ്റിജു ഐപ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ **H G The Most. Rev. Dr. Theodosius Mar Thoma Metrapolita** അനുഗ്രഹ പ്രഭാഷണം നടത്തി. പ്രസ്തുത യോഗത്തിൽ റവ. സാജൻ വർഗ്ഗീസ്, റവ. ബിനു തോമസ്, ഡോ. സി. തോമസ്, ശ്രീ. തോമസ് തോമസ്, ശ്രീ. ബിജു ജോർജ്ജ്, ശ്രീ. സന്തോഷ് കോവൂർ, ശ്രീ. സാബു കോശി എന്നിവർ സംബന്ധിച്ചു.




## അസ്സോസിയേറ്റ് വികാരയായി റവ. ഫാ. എബി ചാക്കോ ചുമതയേറ്റു



ഇടവകയിലേക്ക് പുതുതായി ചുമതല ഏറ്റ സഹ വികാരി റവ. ഫാ. എബി ചാക്കോയെ ഇടവക പ്രതിനിധികളും ഇടവകയിലെ എല്ലാ ആത്മീയ സംഘടനകളുടെ പ്രതിനിധികളും ചേർന്ന് പൂച്ചെണ്ടുകൾ നൽകി ഇടവകയിലേക്ക് സ്വാഗതം ചെയ്തു.

## തണൽ ജീവകാരുണ്യ പദ്ധതി

മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ പ്രധാന ജീവകാരുണ്യ പദ്ധതിയായ തണൽ ജീവകാരുണ്യ പദ്ധതിയുടെ 2021-22 വർഷത്തെ പ്രവർത്തനങ്ങളുടെ സമാപനം. മാർച്ച് 25 ഇടവക വികാരി റവ. ഫാ. വർഗീസ് റ്റിജു ഐപിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ട്രസ്റ്റി സാബു കോശി സ്വാഗത പ്രസംഗവും സഭാ മാനേജിങ് കമ്മിറ്റി അംഗം ഡോ. ഗീവർഗ്ഗീസ് യോഹന്നാൻ ആശംസ പ്രസംഗവും നടത്തി. ആക്ടിങ് സെക്രട്ടറി ബിജു ജോർജ്ജ് 2020-21 വർഷത്തെ തണൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസ്തുത യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും ഇടവക കോ-ട്രസ്റ്റി ശ്രീ. കോശി എം തരകൻ നന്ദിയും പ്രകാശിപ്പിച്ചു.

## Sunday School Day Celebration - 2022

MGOSS celebrated the Sunday school day on Feb 4th 2022 on the Mayaltho day. The message from OKR president His Grace Dr. Abraham Mar Seraphim and OKR Director Rev. Fr. Dr. Jossi Jacob was telecasted through online platform, and our Vicar Rev. Fr. Varghese Tiju Ipe delivered the celebration wishes to all the students.

## SSFC Class X & XII Result Published

In 2021 academic year OSSAE OKR SSFC Class X & XII examination, 30 students appeared from our Sunday School and the results were published on 25th Feb 2022 and all the students excelled with good grades. Mar Gregorios Orthodox Sunday School congratulated and blessed all the students for their future endeavors.

## New Academic Year - 2022

Mar Gregorios Orthodox Sunday School's new academic year started on Jan 21st 2022. Our Vicar and the President of Sunday School Fr. Varghese Tiju Iype addressed the students through online platform and blessed them.

## CBSE Class X & XII - Orientation Session

Mar Gregorios Orthodox Sunday School conducted an orientation session on 1st April 2022 for the secular students who are appearing for the CBSE class X & XII board examination. The session was led by a well-known Educationalist & Psychologist Dr. Mrs. Nita Joseph of Indian School Darsait. 40 Students along with parents attended the session. The Vicar Fr. Varghese Tiju Iype and the Associate Vicar Fr. Abey Chacko blessed the students and the parish's Hon. Trusty Jabson Varghese delivered the felicitation message to all the students. The Sunday School Head Mistress and the Teachers coordinated the orientation session.



## Vedapraveen Diploma Examination

From Mar Gregorios Orthodox Sunday School 8 teachers appeared for the Orthodox Vedapraveen diploma examination and all teachers excelled in the examination and were awarded the diploma ham Mar Seraphim and OKR Director Rev. Fr. Dr. Jossi Jacob was telecasted through online platform, and our Vicar Rev. Fr. Varghese Tiju Ipe delivered the celebration wishes to all the students.

## മൊർത്ത മറിയം സമാജം കേന്ദ്ര പരീക്ഷ 2021-2022

മൊർത്ത മറിയം സമാജം കേന്ദ്ര പരീക്ഷയിൽ മസ്കറ്റ് മാർ ഗ്രിഗോറിയോസ് ഇടവകയിൽ നിന്ന് 13 പേർ പരീക്ഷ എഴുതുകയും, ഉന്നത വിജയം കരസ്ഥമാക്കിയ സമാജങ്ങൾക്ക് ഇടവക ആശംസകൾ നേർന്നു.

## Sunday School Calendar

Half yearly examination – May 20th

# മൊർത്ത മറിയം സമാജം വാർഷിക സമ്മേളനം




"ഇതാ ഞാൻ കർത്തവിന്റെ ദാസി" -വി. ലൂക്കോസ് 1:38 എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി മൊർത്ത മറിയം സമാജത്തിന്റെ വാർഷിക സമ്മേളനം 2022 മാർച്ച് 25-ന് തീയതി വെള്ളിയാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം മസ്കറ്റ് മാർ ഗ്രിഗോറിയോസ് മഹാ ഇടവക ചാപ്പലിൽവച്ച് നടത്തപ്പെട്ടു. റൂവി സി. എസ്സ്. ഐ. ഇടവക വികാരി ഫാ. അനിൽ തോമസ് ഈ വർഷത്തെ തീം പ്രേസേന്റ്റ് ചെയ്ത് മഹാ ഇടവക വികാരി ഫാ. റ്റിജു വർഗീസ്സ് ഐപ്പ് ഉദ്ഘാടനം നിർവഹിച്ച സമ്മേളനത്തിൽ കിംസ് ഒമാൻ ഹോസ്പിറ്റലിലെ സ്പെഷ്യലിസ്റ് ഡോക്ടറേസ് ഡോ.ജോസഫ് എൻ സാമുവേൽ, ഡോ. നിർമലാന്യുട്രിഷനിസ്റ് ശ്രീമതി ജിഷാ പ്രിൻസ് ആരോഗ്യ ക്ലാസ്സുകൾക്കും ശ്രീമതി ബെറ്റ്സി ബാബു നിസ്വാ ബൈബിൾ ക്ലാസ്സിന് നേതൃത്വം നൽകി. അസ്സോസിയേറ്റ് വികാരി എബി ചാക്കോ, ഇടവക ട്രസ്റ്റി ശ്രീ സാബു കോശി, ജി.സി.സി. ജനറൽ സെക്രട്ടറി മോളി എബ്രഹാം ആശംസ അർപ്പിച്ചു. യൂണിറ്റ് ഭാരവാഹികളും സമ്മേളനത്തിന് മുഖ്യ നേതൃത്വം നൽകി.

## അഹമ്മദ്ബാദ് ഭദ്രാസന സമ്മേളനം

മൊർത്ത മറിയം സമാജം അഹമ്മദ്ബാദ് ഭദ്രാസന കോൺഫ്രൻസ് മാർച്ച് 25, 26 തീയതികളിൽ ഭദ്രാസന മെത്രപ്പോലീത്തയുടെയും വൈദിക ശ്രേഷ്ഠരുടെയും നേതൃത്വത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. കോൺഫ്രൻസിനോട് അനുബന്ധിച്ച് നടന്ന മത്സരങ്ങളിൽ മസ്കറ്റ് മാർ ഗ്രിഗോറിയോസ് മഹാ ഇടവകയിൽ നിന്നും സീനിയർ സോളോ സോങ്ങിൽ ശ്രീമതി ജോളി കോശിയും ക്വിസ്സ് മത്സരത്തിൽ ശ്രീമതി ജിൻസി എബ്രഹാം ഒന്നും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

## യുവജന പ്രസ്ഥാനം കലണ്ടർ പ്രകാശനം

മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 2022 വർഷത്തേക്കുള്ള കലണ്ടർ പ്രസിദ്ധീകരിക്കുകയുണ്ടായി. വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന ചടങ്ങിൽ പുരുഷോത്തം കാഞ്ചി എക്സ്ചേഞ്ച് ഡയറക്ടറായിരിക്കുന്ന ശ്രീ. ബിനോയ് സൈമൺ വർഗീസിന് ആദ്യപ്രതി നൽകിക്കൊണ്ട് ബഹുമാനപ്പെട്ട വികാരി ഫാദർ ടിജു ഐപ്പ് വർഗീസ് ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസ്ഥാനം എക്സിക്യൂട്ടീവ്സും, കൺവീനർ ശ്രീ. ടിജൊ തോമസും ചടങ്ങിൽ സന്നിഹിതരായിരുന്നു.

## "മാർ ഒസ്താത്തിയോസ് സ്മൃതി" പ്രസംഗമത്സരം



ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അനുസ്മരണാർത്ഥം യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നടത്തിവരാറുള്ള പ്രസംഗമത്സരം 'മാർ ഒസ്താത്തിയോസ് സ്മൃതി' 2022 ഫെബ്രുവരി 18 വെള്ളിയാഴ്ച്ച മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയിൽ വച്ച് "ZOOM APPLICATION" മുഖേന നടത്തപ്പെട്ടു. വി. കുർബാനയ്ക്കുശേഷം മഹാ ഇടവകയിൽ വച്ചു നടന്ന സമ്മേളനത്തിൽ കൺവീനർ ശ്രീ. പ്രദീപ് വർഗീസ് എല്ലാവരെയും സ്വാഗതം ചെയ്തു. ഇടവകയുടെയും, യുവജന പ്രസ്ഥാനത്തിന്റെയും എക്സിക്യൂട്ടീവ് പങ്കെടുത്ത സമ്മേളനത്തിൽ ഇടവക വികാരി ബഹു. വർഗ്ഗീസ് റ്റിജു ഐപ്പ് അച്ചൻ ഭാഗ്യസ്മരണാർഹനായ തിരുമേനിയെ കുറിച്ച് അനുസ്മരണ പ്രഭാഷണം നടത്തി.
തുടർന്ന് ഇടവകയുടെ ട്രസ്റ്റി ശ്രീ. സാബു കോശി, ഒമാൻ സോണൽ യുവജനപ്രസ്ഥാനം കോഡിനേറ്റർ ആയിരിക്കുന്ന ശ്രീ ബിജു കൊന്നപ്പാറ എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന് ജൂനിയർ, സീനിയർ വിഭാഗത്തിൽ മത്സരങ്ങൾ നടത്തപ്പെട്ടു. സീനിയർ വിഭാഗത്തിൽ ശ്രീ. ജോൺ പി ലൂക്ക് ഒന്നാം സ്ഥാനവും, ശ്രീമതി സെറീന ടിജു രണ്ടാം സ്ഥാനവും, ശ്രീ ബിജു മാത്യു മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ജൂനിയർ വിഭാഗത്തിൽ മാസ്റ്റർ ഹെബേൽ നൈനാൻ ജോൺ പ്രത്യേക സമ്മാനത്തിന് അർഹനായി. പ്രസ്ഥാനത്തിൻറെ വൈസ് പ്രസിഡണ്ട് ശ്രീ ബെൻസ്സൻ സ്കറിയ നന്ദി അറിയിച്ചു. യുവജനപ്രസ്ഥാനത്തിൻറെ സെക്രട്ടറി ശ്രീ ബിജു ജോൺ തേവലക്കര, ട്രഷർ ശ്രീ വർഗ്ഗീസ് അലക്സ് എന്നിവർ സന്നിഹിതരായിരുന്നു. പ്രോഗ്രാമിന്റെ കൺവീനർമാരായി പ്രവർത്തിച്ച ശ്രീ പ്രദീപ് വർഗീസ്സ്, ശ്രീ അഭിലാഷ് തരകൻ എന്നിവരുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഈ മത്സരം വൻ വിജയമാക്കാൻ സാധിച്ചു.

### മൊർത്ത മറിയം സമാജം പ്രസ്ഥാന 2022-23 ഭാരവാഹികൾ

റവ. ഫാ വർഗ്ഗീസ് റ്റിജു ഐപ്പ് .........(വികാർ/പ്രസിഡന്റ്)
റവ. ഫാ എബി ചാക്കോ ...............(അസ്സോസ്സിയേറ്റ് വികാർ)
മറിയാമ്മ ഫിലിപ്പ് .......................(സെക്രട്ടറി)
അന്നാമ്മ വർഗ്ഗിസ് .......................(ട്രഷറർ)
സിനോബി സുനു .......................(ജോ. സെക്രട്ടറി)

#### കമ്മറ്റി അംഗങ്ങൾ

ജോളി കോശി ..........................റൂവി ചർച്ച് ഏരിയ
അനു വിത്സൺ ........................റൂവി വത്തെയ്യ
ഡെയ്സി ബാബു .......................ദാർസൈത്
ബിതാ വിൻസെന്റ് .....................വാദികബീർ
ജീബാ വർഗ്ഗിസ് ........................അൽഖുവൈർ
റൂബി ഷാജി ............................ഗുബ്ര
നിത ജോസി ............................സീബ് ഹെൽ
ജെസ്സി കോശി ..........................(ഇന്റെനൽ ഓഡിറ്റർ)

### യുവജന പ്രസ്ഥാനം, മസ്കറ്റ്, 2022-23 പ്രസ്ഥാന ഭാരവാഹികൾ

റവ. ഫാ വർഗ്ഗീസ് റ്റിജു ഐപ്പ് .........(വികാർ/പ്രസിഡന്റ്)
റവ. ഫാ എബി ചാക്കോ ...............(അസ്സോസ്സിയേറ്റ് വികാർ)
ഷിജു കെ. ഫിലിപ്പ് ....................(വൈ. പ്രസിഡന്റ്)
ബിപിൻ ബി വർഗീസ് ..................(സെക്രട്ടറി)
ജെസ്റ്റിൻ സാമുവേൽ ..................(ട്രഷറർ)
റോബിൻ തോമസ് .......................(ജോ. സെക്രട്ടറി)

#### കമ്മറ്റി അംഗങ്ങൾ

- ജിജോ കെ ഉമ്മൻ
- ജോമോൻ കെ. ജെ.
- തോമസ് കെ. തോമസ്
- ബിജു ജോൺ ( എക്സ്. ഒഫിഷ്യോ)
- സോജി പി ജോൺ
- ജിതിൻ സണ്ണി
- ജോൺ പി. ലൂക്ക് ( ഓഡിറ്റർ)

Mar Gregorios Orthodox Maha Edavaka - Muscat

# Vineyard

PARISH BULLETIN

## COMMITTEE 2021–2022


FR. VARGHESE TIJU IPE
Vicar


FR. P.O. MATHAI
Vicar (Upto Sep. 2021)


FR. ABY CHACKO
Associate Vicar


SABU KOSHY
Hon. Trustee


KOSHY M THARAKAN
Hon. Co-Trustee


NIDHIN CHIRATHILATTU
Hon. Secretary
(Upto Dec. 2021)


BIJU GEORGE
Hon. Acting Secretary


MANOJ MATHEW
General Convener


SAM PHILIP
Editor-in-Chief


THOMAS JOHN
Editor


ANU MATHEW
Editor


JINCY ABRAHAM
Editor


ANU WILSON
Editor


BIJU JOHN
Layout & Printing


SAJI JOHN
Distribution

# FAVOURS RECEIVED



St. Geevarghese Mar Gregorios
(Parumala Thirumeni)

Inserted by

## Geevarghese Yohannan & Family

**Kuzhivila Puthen veedu,**
**Nellikkunnam, Kottarakkara**

PUBLISHED & OWNED BY
**MAR GREGORIOS ORTHODOX MAHA EDAVAKA**
P. O. Box 984, P.C. 100, Muscat, Sultanate of Oman,
Tel: +968-2470 2606, Fax: +968-2479 0811
e-mail: office@mgomemuscat.com
www.mgomemuscat.com/vineyard

STRICTLY FOR PRIVATE CIRCULATION ONLY